# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.24/2800/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.24/2800/2023 തീയ്യതി: 23/12/2023

## മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-03-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-12-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ. കെ. കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2023 | 15-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-12-2023 | 15-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ. കെ. ഹുസൈൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. രാജേഷ്. എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. നജീബ് .കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 14-10-2022 |
| ശ്രീ. ആനന്ദൻ. കെ. സി, ഹെഡ് ക്ലർക്ക് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-10-2022 | 01-11-2022 |
| ശ്രീ. മുരളീധരൻ. പി. | അസിസ്റ്റന്റ് സെക്രട്ടറി | 02-11-2022 | 31-03-2023 |
| ശ്രീ. അനിൽകുമാർ ചോലക്കാട്ട് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീജിത്ത്. കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 23-05-2022 |
| ശ്രീമതി. അജിന. കെ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 24-05-2022 | 31-03-2023 |
| ശ്രീമതി. സരസ്വതി. കെ. കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. മുസ്തഫ. എം. | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. നൗറിൻ. എം. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2022 | 31-01-2023 |
| ഡോ. ഫാത്തിമ. എം. | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-02-2023 | 31-03-2023 |
| ഡോ. അനുപമ. വി. കെ. | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീ. ഉണ്ണികൃഷ്ണൻ. ആർ. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. ഫൈസൽ. സി. ടി. | വെറ്ററിനറി സർജൻ | 01-04-2022 | 25-07-2022 |
| ഡോ. റീം റഷീദ് | വെറ്ററിനറി സർജൻ | 26-07-2022 | 31-03-2023 |
| ശ്രീമതി. ശ്രീലത. വി. പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിസ്ന. വി. | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല. | 1-1-7 |
| 9 | ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല. | 1-1-8 |
| 10 | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ അനാവശ്യമായ തുകകൾ രേഖപ്പെടുത്തി. | 1-1-9 |
| 11 | പാസ്സ്ബുക്ക് പ്രകാരമുള്ള ബാങ്ക് ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | അഡ്വാൻസ് ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ തുക പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകകൾ ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. | 1-1-14 |
| 16 | ലോൺ തിരിച്ചടവിന് ജേണൽ എൻട്രി നടത്തിയില്ല. | 1-1-15 |
| 17 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-16 |
| 18 | തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 22 | ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം | 1-4-1 |
| 23 | പദ്ധതി അവലോകനം | 1-5 |
| 24 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 25 | ക്ഷേമപദ്ധതികൾ | 1-7 |
| 26 | ക്യാഷ് പരിശോധന | 1-8 |
| 27 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 28 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 29 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-11 |
| 30 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 31 | അധിക നിർമ്മാണത്തിന് ക്രമവൽക്കരണ ഫീ/വസ്തുനികുതി ചുമത്തിയില്ല. | 1-13 |
| 32 | നമ്പർ ലഭിച്ചതിന് ശേഷം അനധികൃതമായി കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തി. | 1-14 |
| 33 | വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/നമ്പറിംഗ് - തുടർനടപടി വിവരം ലഭ്യമാക്കിയില്ല. | 1-15 |
| 34 | തരംമാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം - കൃത്രിമം നടത്തിയ ട്രഷറി ചലാൻ ഹാജരാക്കി. | 1-16 |
| 35 | റേഷൻകടകൾ ലൈസൻസ് എടുക്കുന്നില്ല | 1-17 |
| 36 | അറവുമാലിന്യം ശേഖരിച്ച് സംസ്കരിക്കൽ - തുടർ നടപടി വിവരം ലഭ്യമാക്കിയില്ല. | 1-18 |

| | | |
|---|---|---|
| 37 | മരുന്നു മുഴുവനും ലഭ്യമായിട്ടില്ല | 1-19 |
| 38 | ആദായനികുതി പിഴ ഒടുക്കി - പഞ്ചായത്ത് ഫണ്ടിന് നഷ്ടം | 1-20 |
| 39 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-21 |
| 40 | പ്രൊജക്ട് ചെലവുകൾ - വിനിയോഗ വിവരം ലഭ്യമല്ല | 1-22 |
| 41 | തെരുവുവിളക്ക് പരിപാലനം - അപാകതകൾ. | 1-23 |
| 42 | മഴക്കാല പൂർവ്വ ശുചീകരണം - മുൻകൂർ നൽകിയ തുക ചെലവഴിച്ചില്ല. | 1-24 |
| 43 | കണ്ടിജന്റ് ചെലവുകൾ - മുൻകൂർ നൽകിയ തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-25 |
| 44 | മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ -അപാകതകൾ | 1-26 |
| 45 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-27 |
| 46 | എം.ജി.എൻ.ആർ.ഇ.ജി.എസ് പർച്ചേസ് - ജി.എസ്.ടി റ്റി.ഡി.എസ് ചെയ്തില്ല. | 1-28 |
| 47 | ജൈവ വളം വിതരണം- അപാകതകൾ | 1-29 |
| 48 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-30 |
| 49 | കാഷ് ബുക്ക് ശരിയായി എഴുതിയിട്ടില്ല | 1-31 |
| 50 | അനുമതിയില്ലാതെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു. | 1-32 |
| 51 | എം.സി.എഫ് വിപുലീകരണം -അധികം നൽകിയ ₹ 17000 തിരിച്ചടവാക്കി. | 1-33 |
| 52 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി. | 1-34 |
| 53 | ഓഡിറ്റ് റിപ്പോർട്ടിൽ നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുന്നില്ല. | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 20(1)/10.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച് അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുട്ടിലങ്ങാടി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

മലപ്പുറം
തീയതി:23-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തിയില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൂർണ്ണസംഖ്യയിൽ രേഖപ്പെടുത്തേണ്ടതാണെങ്കിലും ബാലൻസ് ഷീറ്റിൽ 310100101, 310900101, 350300101 എന്നീ ശീർഷകങ്ങളിൽ തുകകൾ ദശാംശ സംഖ്യയായി രേഖപ്പെടുത്തിയിട്ടുണ്ട്.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ തുകയും (₹55,27,973), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹84,27,655) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-5 ആസ്തി ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെപ്പറയുന്ന ആസ്തി ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 450210101 - STATE BANK OF INDIA MALAPPURAM CIVIL STATION (67386823846) | 35,03,947 | 35,03,952 | 5 |
| **ആകെ** | **35,03,947** | **35,03,952** | **5** |

### 1-1-6 ബാധ്യത ശീർഷകത്തിലെ തൻവർഷ മുന്നിരിപ്പ് മുൻവർഷ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല

താഴെപ്പറയുന്ന ബാദ്ധ്യത ശീർഷകത്തിൽ 31.03.2022 തീയ്യതിയിലെ ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്, 01.04.2022 തീയ്യതിയിലെ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് ശീർഷകം | 31.03.2022 തീയ്യതിയിലെ നീക്കിയിരിപ്പ് (₹) | 01.04.2022 തീയ്യതിയിലെ മുന്നിരിപ്പ് (₹) | വ്യത്യാസം (₹) |
|---|---|---|---|
| 350300112 - Government And Other Dues Payable -Value Of Court Fee Stamp | 0* | 5 | 5 |
| **ആകെ** | **0** | **5** | **5** |

*സാംഖ്യ മുഖേന തയ്യാറാക്കിയ മുൻവർഷ ബാലൻസ് ഷീറ്റിൽ ഇത്തരം ഒരു ശീർഷകം ഇല്ലായിരുന്നു

### 1-1-7 ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് ആയ തുക രസീത് നൽകി കണക്കിലെടുത്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ Directly Credited By Bank ആയി വന്ന താഴെപ്പറയുന്ന തുകകൾ യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകകളായി അവശേഷിയ്ക്കുന്നു.

| ക്രമ നം | ക്രെഡിറ്റ് ആയ തീയ്യതി | തുക (₹) | ബാങ്ക്/ട്രഷറി അക്കൗണ്ട് |
|---|---|---|---|
| 1 | 12.04.2022 | 14,284 | STATE BANK OF INDIA MALAPPURAM CIVIL STATION (67386823846) |
| 2 | 30.04.2022 | 5,450 | HDFC SWIPING MACHINE PEEKAY ARCADE MALAPPURAM (50100331534858) |
| 3 | 30.09.2022 | 1,400 | |
| 4 | 30.09.2022 | 1,134 | |
| 5 | 30.09.2022 | 3,000 | |
| 6 | 30.09.2022 | 1,632 | |
| 7 | 30.09.2022 | 2,300 | |
| 8 | 30.11.2022 | 21,377 | HDFC 15 CFC PFMS PEEKAY ARCADE MALAPPURAM (50100173617190) |
| 9 | 30.11.2022 | 3,114 | |

### 1-1-8 ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്ത തുക അക്കൗണ്ട് ചെയ്തില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിന്നും Directly Debited By Bank ആയി കുറവ് ചെയ്യപ്പെട്ട താഴെപ്പറയുന്ന തുക യഥാസമയം അക്കൗണ്ട് ചെയ്യാതെ 31.03.2023 തീയ്യതിയിലെ റീകൺസിലിയേഷൻ പത്രികയിലും പൊരുത്തപ്പെടാത്ത തുകയായി അവശേഷിയ്ക്കുന്നു.

| ക്രമ നം | തീയ്യതി | തുക (₹) | ബാങ്ക് അക്കൗണ്ട് |
|---|---|---|---|
| 1 | 30.04.2022 | 17,213 | HDFC SWIPING MACHINE PEEKAY ARCADE MALAPPURAM (50100331534858) |

### 1-1-9 ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ അനാവശ്യമായ തുകകൾ രേഖപ്പെടുത്തി.

STATE BANK OF INDIA MALAPPURAM CIVIL STATION (67386823846) എന്ന അക്കൗണ്ടിൽ നിന്നും ചെക്ക് വഴി പിൻവലിച്ച തുകകൾ ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്തതിന് ശേഷവും ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ പൊരുത്തപ്പെടാത്ത തുകയായി കാണിച്ചിരിയ്ക്കുന്നു. താഴെപ്പറയുന്ന തുകകൾ 2023 മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ഒരേ സമയം കൂട്ടുകയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | ചെക്ക് നമ്പർ/ തീയ്യതി | ബുക്ക് ചെയ്ത വൗച്ചർ നം/തീയ്യതി | ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയത് |
|---|---|---|---|
| 1 | 372368/30.01.2023 | 22200751/31.01.2023 | Add 40,00,000 (Cash/Cheque Withdrawal)<br>Less 40,00,000 (Cash/Cheque Deposit) |
| 2 | 372360/02.12.2022 | 32200232/04.01.203 | Add 5,326 (Cash/Cheque Withdrawal)<br>Less 5,326 (Directly Debited By Bank) |

### 1-1-10 പാസ്സ്ബുക്ക് പ്രകാരമുള്ള ബാങ്ക് ബാലൻസ് തുക പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള PUNJAB NATIONAL BANK - LIFE MISSION LOAN MALAPPURAM (1406100100003598) ബാങ്ക് അക്കൗണ്ടിന്റെ 31.03.2023 തീയ്യതിയിലെ ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ പാസ്സ്ബുക്ക് പ്രകാരമുള്ള ബാലൻസ് ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2,46,068/- രൂപയും, പാസ്സ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ ബാലൻസ് തുക 1,50,156/- രൂപയുമാണ്. 95,912/- രൂപയുടെ വ്യത്യാസം.

### 1-1-11 ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ വിവരം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ എന്നിവ പ്രകാരം തൻവർഷത്തിൽ സ്ഥിര നിക്ഷേപങ്ങളിൽ നിന്നും പലിശയായി ലഭിച്ച 2,16,407/- രൂപ വാർഷിക കണക്ക് I-7 ഷെഡ്യൂളിൽ ബുക്ക് ചെയ്തിട്ടില്ല. ബാലൻസ് ഷീറ്റ് B-12 ഷെഡ്യൂൾ പ്രകാരം സ്ഥിരനിക്ഷേപങ്ങളുടെ നീക്കിയിരുപ്പായി രേഖപ്പെടുത്തിയ 72,06,033/- രൂപയും ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരുപ്പായ 74,22,240/- രൂപയും തമ്മിലുള്ള വ്യത്യാസം ഇതുമൂലമാണ്.

### 1-1-12 അഡ്വാൻസ് ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

അഡ്വാൻസ് രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരം 2022-23 വർഷാരംഭത്തിൽ 460500501 - Advance To Implementing Officers എന്ന ശീർഷകത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂർ തുക ₹4,53,699/- ആണ്. ഈ തുക മുഴുവനായും തൻവർഷത്തിൽ ക്രമീകരിച്ചതായി ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വാർഷിക കണക്കിൽ ക്രമീകരണത്തിന്റെ വിശദാംശം രേഖപ്പെടുത്തിയിട്ടില്ല. ഈ തുകകൾ ഏതെല്ലാം നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ക്രമീകരിക്കാൻ അവശേഷിച്ചിരുന്നതാണെന്ന വിവരവും, തുക ക്രമീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം, ചെലവ് വൗച്ചറുകൾ എന്നിവയും പരിശോധനയ്ക്ക് ലഭ്യമാക്കിട്ടില്ലാത്തതിനാൽ ഇതിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

### 1-1-13 സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ തുക പൊരുത്തപ്പെടുന്നില്ല.

സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഫീ ഇനത്തിൽ തൻവർഷത്തെ കളക്ഷൻ തുക വാർഷിക കണക്ക് RP-4 ഷെഡ്യൂൾ പ്രകാരം 3,400/- രൂപയും, രജിസ്റ്റർ പ്രകാരം 1,000/- രൂപയുമാണ്. 2,400/-രൂപയുടെ വ്യത്യാസം

### 1-1-14 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നൽകിയ തുകകൾ ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്തില്ല.

തൻവർഷത്തിൽ വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾ നടത്തുന്നതിനായി നൽകിയ തുകകളുടെ ചെലവ് ബന്ധപ്പെട്ട ആസ്തി ശീർഷകത്തിൽ ബുക്ക് ചെയ്യാതെ, വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുൻപ് തന്നെ റെവന്യൂ ചെലവായി കാണിക്കുകയാണ് ഉണ്ടായിട്ടുള്ളത്. ഈ തുകകളുടെ വിവരം അഡ്വാൻസ് രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ പേര് | വൗച്ചർ നം., തീയതി | മുൻകൂർ | നിർവ്വഹണ | ബുക്ക് ചെയ്യേണ്ടിയിരുന്ന |
|---|---|---|---|---|---|

| നം | | | നൽകിയ തുക (₹) | ഏജൻസി | ആസ്തി ശീർഷകം |
|---|---|---|---|---|---|
| 1 | 175/23 - കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ലൈൻ നീട്ടൽ | 22200565/18.11.2022 | 37,761 | കേരള വാട്ടർ അതോറിറ്റി | 460500201 - Advance To Implementing Agencies - Deposit With Kerala Water Authority |
| 2 | 92/23 - വിവിധ റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22200943/25.03.2023, ₹2,97,450<br>ACR Bill No. 60/31.08.2022, ₹85,665<br>ACR Bill No. 193/27.01.2023, ₹1,95,303 | 5,78,418 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 460500202 - Advance To Implementing Agencies - Deposit With Kerala Electricity Board |
| 3 | 230/23 - സ്ട്രീറ്റ് മെയിൻ വലിക്കൽ | 22200983, 31.03,2023 | 9,24,412 | | |
| 4 | 63/23 - പൊതു ശ്മശാനം കുഴൽ കിണർ നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ | 22200640/13.12.2022 | 58,535 | ഭൂജല വകുപ്പ് | 460500204 - Advance To Implementing Agencies - Deposit With Ground Water Department |
| 5 | 231/23 - പാലാപറമ്പ് - കുടിവെള്ള പദ്ധതി പൂർത്തീകരണം അധിക തുക അടവാക്കൽ | 22200944/25.03.2023 | 75,000 | | |
| | ആകെ | | 16,74,126 | | |

## 1-1-15 ലോൺ തിരിച്ചടവിന് ജേണൽ എൻട്രി നടത്തിയില്ല.

പ്രൊ. നം. 236/23 - "ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി)" എന്ന ജി.ഒ പ്രൊജക്റ്റ് പ്രകാരം വികസനഫണ്ട് - എസ്.സി.പി ൽ നിന്നും 3,00,277/- രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഈ തുക ലോൺ രജിസ്റ്ററിലോ 330500201 - Secured Loans - Loan From KURDFC എന്ന ശീർഷകത്തിന്റെ ലെഡ്ജറിലോ ലോൺ തിരിച്ചടവായി രേഖപ്പെടുത്തിയിട്ടില്ല.

## 1-1-16 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ, വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

## 1-1-17 തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച ഗ്രാന്റ് തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ തനത് ഫണ്ടിനോടൊപ്പം സൂക്ഷിച്ച താഴെപ്പറയുന്ന തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

| ക്രമ നം | അക്കൗണ്ട് ശീർഷകം | ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരിപ്പ് തുക (₹) |
|---|---|---|
| 1 | 320100152 - Other Schemes | 8,86,349 |

| | | |
|---|---|---|
| 2 | 320100153 - Panchayat Yuva Krida Aur Khel Abhiyan | 3,40,000 |
| 3 | 320100162 - Sarva Siksha Abhiyan | 5,06,803 |
| 4 | 320100181 - Total Sanitation Campaign | 2,22,477 |
| 5 | 320100191 - Nirmal Puraskar | 92,431 |
| 6 | 320100196 - Integrated Child Developement Scheme | 14,36,975 |
| 7 | 320100197 - Literacy Scheme Grant | 27,584 |

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തീയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തീയ്യതി |
|---|---|
| 1(1)/22.03.2022 | 1(1)/30.03.2023 |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 2,32,12,732 |
| വരവ് | 15,64,88,704 |
| ആകെ | 17,97,01,436 |
| ചെലവ് | 14,80,61,049 |
| നീക്കിയിരിപ്പ് | 3,16,40,387 |

കുറിപ്പ്: വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂടെ, ഈ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാമൂഹിക സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്നിവയും ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,96,69,485 | 1,96,69,485 | 1,96,69,485 | 0 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 43,52,445 | 43,52,445 | 43,51,870 | 575 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 1,40,52,000 | 1,40,52,000 | 1,27,18,035 | 13,33,965 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 62,65,000 | 62,65,000 | 62,64,700 | 300 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 55,53,591 | 55,53,591 | 45,76,495 | 9,77,096 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 36,88,750 | 36,88,750 | 35,92,519 | 96,231 |

## 1-4-1 ഗ്രാന്റ് തുകകളിന്മേലുള്ള വ്യത്യാസം

വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ വാർഷിക കണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവയിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നം | ഫണ്ടിനം | ചെലവ് തുക (₹) | | | വ്യത്യാസത്തിന് കാരണം |
|---|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് (I-6+ B-3) | |
| 1 | വികസന ഫണ്ട് - ജനറൽ | 1,99,76,630 | 1,96,69,485 | 1,84,87,430 | വ്യത്യാസത്തിന് കാരണം വ്യക്തമല്ല. |
| 2 | വികസന ഫണ്ട് - എസ്.സി.പി | 49,52,425 | 43,51,870 | 46,52,148 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ തുകകൾ തമ്മിലുള്ള വ്യത്യാസമായ ₹6,00,555/- ലൈഫ് മിഷൻ വായ്പ മുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | തിരിച്ചടവ് - എസ്.സി.പി എന്ന ഇനത്തിൽ ജി.ഒ പ്രോജക്ടുകൾ മുഖേന (പ്രൊ.നം 334, 337) സോഴ്സ് ഡിഡക്ഷൻ നടത്തിയ തുകയാണ്. ഇതിൽ തന്നെ, പ്രൊജക്ട് നം. 236 പ്രകാരമുള്ള 3,00,277/- രൂപയ്ക്ക് ജേണൽ എൻട്രി നടത്താതിരുന്നതാണ് വാർഷിക കണക്കുമായുള്ള വ്യത്യാസത്തിന് കാരണം. |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 45,68,495 | 45,76,495 | 44,49,864 | വ്യത്യാസത്തിന് കാരണം വ്യക്തമല്ല. |
| 4 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 35,92,519 | 35,92,519 | 23,32,896 | വ്യത്യാസത്തിന് കാരണം വ്യക്തമല്ല. |

വ്യത്യാസങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/13.12.2023 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ചു. ക്രമ നം. 1, 3, 4 എന്നിവയിലെ വ്യത്യാസം വിശദീകരിക്കേണ്ടതും, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ ഫണ്ട് തുകകൾ വ്യത്യസ്തമായി കാണിക്കുന്ന വിവരം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 10,47,58,149 | 144 | 6,94,86,322 | 18 | 29 | 75.4% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3,36,578 | 9,47,604 | 12,84,182 | 2,78,800 | 10,05,382 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 1,26,33,310 | 1,26,33,310 | 1,26,33,310 | 0 |
| **ആകെ** | **3,36,578** | **1,35,80,914** | **1,39,17,492** | **1,29,12,110** | **10,05,382** |

കുറിപ്പ് :-

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയിൽ 1,24,04,800/- രൂപ ഷെഡ്യൂൾ I-14(C) പ്രകാരമുള്ള റെവന്യൂ ചെലവും, 2,28,510/- രൂപ ഷെഡ്യൂൾ B-3 പ്രകാരമുള്ള ക്യാപിറ്റൽ ചെലവുമാണ്.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 19,47,000 | 143 |
| വിധവാപെൻഷൻ | 1,47,87,900 | 1298 |
| വാർദ്ധക്യകാലപെൻഷൻ | 2,31,67,400 | 2112 |
| വികലാംഗപെൻഷൻ | 54,57,200 | 481 |
| വിവാഹ ധനസഹായം | 1,50,000 | 5 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 6,86,800 | 64 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2023 ന് 3:30PM മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 36,296/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കണ്ടെത്തി.

1. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

2. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3. കേടാകുന്ന തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്റർ ശരിയായി എഴുതി സൂക്ഷിക്കുന്നില്ല.

4. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.

5. വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ചുമതല നിറവേറ്റുന്നില്ല.

6. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ അനുമതിയില്ലാതെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു(ഖണ്ഡിക 1-32 കാണുക).

7. ഓഡിറ്റ് റിപ്പോർട്ടുകളിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല (ഖണ്ഡിക 1-32 കാണുക).

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.12.2022 | 08/2022 മുതൽ 12/2022 വരെ | 15.12.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.06.2016 മുതൽ 15.06.2016 വരെ | 2011-12 മുതൽ 2015-16 വരെ | 14.07.2016 |

## 1-11 തനത് വരുമാനം സംബന്ധിച്ച അവലോകനം.

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 18 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, കരട് വാർഷിക ബജറ്റ് അംഗീകാരം, വാർഷിക പദ്ധതിയിലേക്കുള്ള ശുപാർശകൾ, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങൾക്കും വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്കും നികുതി ഒഴിവാക്കൽ, വസ്തുനികുതി പുനർനിർണ്ണയം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെയും ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 14.10.2022 തീയ്യതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ നികുതി പിരിവ് പുരോഗതി അവലോകനം ചെയ്ത് തുടർനടപടികൾ ചർച്ച ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന പോലീസ് ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് ക്യാമ്പിലെ സർക്കാർ കെട്ടിടങ്ങളുടെ വസ്തുനികുതി യഥാസമയം അലോട്ട്മെന്റ് ലഭ്യമാകാതിരുന്നതിനാൽ തൻവർഷത്തിൽ ഈടാക്കാൻ കഴിഞ്ഞില്ല എന്നതൊഴിച്ചാൽ 2022-23 വർഷത്തിൽ 100% വസ്തുനികുതിയും പിരിച്ചെടുക്കാനായിട്ടുണ്ട്.

സർക്കാർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര

വരവിന്റേയും അവലോകനം ഗ്രാമസഭകളിൽ നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

**വസ്തുനികുതി പരിഷ്കരണം**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ, വസ്തുനികുതി നിർണ്ണയത്തിനായി ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം എന്നീ മേഖലകളാക്കി തിരിച്ചത്, റോഡുകളുടെ തരംതിരിവ് എന്നിവ 18.04.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 12(1) നമ്പർ തീരുമാനം പ്രകാരം താത്ക്കാലികമായി അംഗീകരിച്ച് വിജ്ഞാപനമായി പുറപ്പെടുവിക്കുകയും, താൽക്കാലിക നിരക്കുകൾ ഒരു ദിനപത്രത്തിൽ ഉൾപ്പെടെ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. കരട് നിരക്കുകൾ പ്രസിദ്ധപ്പെടുത്തി നിശ്ചിത കാലയളവിനുള്ളിൽ ആക്ഷേപങ്ങങ്ങളോ നിർദ്ദേശങ്ങളോ ലഭിക്കാതിരുന്നതിനാൽ ഇവ 14.06.2023ലെ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി യോഗത്തിലെ 15(1) നമ്പർ തീരുമാനം പ്രകാരം അന്തിമമാക്കി അംഗീകരിച്ച് എ.3-1962/23, തീയ്യതി 24.07.2023 നമ്പർ വിജ്ഞാപനമായി പുറപ്പെടുവിച്ച് രണ്ട് ദിനപത്രങ്ങളിൽ പരസ്യപ്പെടുത്തുകയും, സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ഈ സമയക്രമം പാലിച്ചിട്ടില്ല. പുതുക്കിയ നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുന്നതിനുള്ള സാങ്കേതിക സൗകര്യം ലഭ്യമാകാൻ വൈകിയതിനാൽ അതുവരെ, 01.04.2023ന് ശേഷം പണി പൂർത്തീകരിച്ച കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ തന്നെ വസ്തുനികുതി നിർണ്ണയിക്കുകയും, നികുതി നിർണ്ണയം പുതിയ നികുതി പരിഷ്കരണത്തിന് വിധേയമാണെന്ന് ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തുകയുമാണ് ചെയ്തിരുന്നത്. നിലവിൽ, സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതുക്കിയ നിരക്കുകകൾ രേഖപ്പെടുത്തുകയും, പുതുതായി നിർമ്മാണം പൂർത്തിയാക്കുന്ന കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്യുന്നുണ്ട്.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം ഗ്രാമപഞ്ചായത്തിനെ യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1110 അപേക്ഷകളിൽ നടപടികൾ ആരംഭിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. മേൽ സർക്കാർ ഉത്തരവ് പ്രകാരം, വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാനായി അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ ഉൾപ്പെടെ നടത്തിയിരുന്നെങ്കിലും പിന്നീട് ആരും താല്പര്യം കാണിക്കാതിരുന്നതിനാൽ നാളിതുവരെ ഫീൽഡ് വെരിഫിക്കേഷൻ നടപടികൾ ആരംഭിക്കാനായിട്ടില്ല. ഐ.ടി.ഐ മുഖേന ആളുകളെ നിയമിക്കാനുള്ള നടപടികൾ തുടരുന്നുണ്ട്

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|

| | |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**വസ്തുനികുതി സംബന്ധിച്ച മറ്റ് നിരീക്ഷണങ്ങൾ**

1. പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള മുഴുവൻ കെട്ടിടഭാഗങ്ങൾക്കും വസ്തുനികുതി നിർണ്ണയം നടത്താതിരുന്നത് സംബന്ധിച്ച നിരീക്ഷണം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-13 ആയി നൽകിയിട്ടുണ്ട്.
2. കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതിന് ശേഷം അനധികൃതമായി കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടതിനെ പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-14 ആയി നൽകിയിട്ടുണ്ട്.
3. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/നമ്പറിംഗ് സംബന്ധിച്ച് തുടർനടപടി വിവരം ലഭ്യമാക്കിയില്ല. ഖണ്ഡിക 1-15 കാണുക.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

**1.** 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

**2.** സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 /തസ്വഭവ, തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല. ഇത് സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-17 ആയി നൽകിയിട്ടുണ്ട്.

**3.** 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡെപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡെപ്പോസിറ്റ് തുകകൾ ചെലവഴിക്കാൻ /ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ( മുൻ വർഷ ഓഡിറ്റ് റിപ്പോർട്ട്, സുലേഖ സ്റ്റേറ്റ്മെന്റ് എന്നിവ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിൽ )

| ക്ര.ന | പ്രൊജക്ട് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ | ഫണ്ട് ഇനം | ചെലവഴിച്ച തുക | ചെലവഴിക്കാൻ | റിമാർക്സ് |
|---|---|---|---|---|---|---|---|---|

| (1) | (2) | (3) | (4) | തുക (5) | (6) | (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) (7) | അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) | |
|---|---|---|---|---|---|---|---|---|
| 1 | 170 - കട്ടപ്പുറം മണ്ണാർപ്പടി എസ്.സി.കോളനി കുഴൽ കിണർ നിർമ്മാണം | 2013-14 | ഭൂജല വകുപ്പ് | 8345 | Development Fund(S.C.P) - 8345 | 0 | 8345 | |
| 2 | 200 - കുണ്ടാട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 3 | 201 - കക്കാട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(General) - 100000 | 0 | 100000 | |
| 4 | 202 - ഉന്നംതല പി.എച്ച്.സി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 60000 | Development Fund(General) - 60000 | 0 | 60000 | |
| 5 | 203 - മുഞ്ഞക്കുളം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 35000 | Development Fund(General) - 35000 | 0 | 35000 | |
| 6 | 204 - കവളപ്പാറമുക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 25000 | Development Fund(CFC Basic Grant ) - 25000 | 0 | 25000 | |
| 7 | 206 - കരങ്ങാടൻകുന്ന് - പൂങ്കളപ്പടി - ചോലാട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ. | 2013-14 | കേരളാ വാട്ടർ അതോറിറ്റി | 80000 | Development Fund(General) - 80000 | 0 | 80000 | |
| 8 | 215 - വിവിധ പ്രദേശങ്ങളിലേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 2013-14 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 45550 | Development Fund(General) - 45550 | 0 | 45550 | |
| 9 | 176 - അംഗനവാടി കുടിവെള്ള കണക്ഷൻ. | 2014-15 | കേരളാ വാട്ടർ അതോറിറ്റി | 406000 | Development Fund(CFC Basic Grant ) - 88000 , Maintenance Fund - Non-road Assets - 318000 | 0 | 406000 | |
| 10 | 186 - കുട്ടിലങ്ങാടി പാറമ്മൽ | 2014-15 | കേരളാ വാട്ടർ അതോറിറ്റി | 2000 | Maintenance Fund - Non- | 0 | 2000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | അംഗൻവാടിക്ക് കെ.ഡബ്ല്യൂ.എ. കുടിവെള്ള കണക്ഷൻ | | | | road Assets - 2000 | | | |
| 11 | 85 - ചാത്തുള്ളി പാറേകുത്ത് കുടിവെള്ള പദ്ധതി - വൈദ്യുതീകരണം | 2015-16 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 100000 | Maintenance Fund - Non-road Assets - 100000 | 0 | 100000 | |
| 12 | 271 - കുട്ടിലങ്ങാടി യു.പി സ്കൂളിൽ സോളാർ പാനൽ സ്ഥാപിക്കൽ | 2015-16 | അനർട്ട് (ടിഇഎസ്എം പ്രോജക്ടുകൾ മാത്രം) | 200000 | Development Fund(KLGSDP Grant)-central - 200000 | 0 | 200000 | |
| 13 | 283 - പാറമ്മൽ ചാത്തുണ്ണിപ്പറമ്പ് പൈപ്പ് ലൈൻ | 2015-16 | കേരളാ വാട്ടർ അതോറിറ്റി | 75000 | Maintenance Fund - Non-road Assets - 75000 | 0 | 75000 | |
| 14 | 287 - കുണ്ടോട് സബ്സെൻറർ കെ.ഡബ്ല്യൂ.എ കണക്ഷൻ | 2015-16 | കേരളാ വാട്ടർ അതോറിറ്റി | 125000 | Maintenance Fund - Non-road Assets - 125000 | 0 | 125000 | |
| 15 | 290 - ആറ്റക്കോറ അങ്കണവാടി വൈദ്യുതീകരണം | 2015-16 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 25000 | Maintenance Fund - Non-road Assets - 25000 | 0 | 25000 | |
| 16 | 305 - പള്ളിപ്പുറം സബ്സെൻറർ പൈപ്പ് ലൈൻ | 2015-16 | കേരളാ വാട്ടർ അതോറിറ്റി | 150000 | Development Fund(CFC Basic Grant ) - 150000 | 0 | 150000 | |
| 17 | 66 - പട്ടികുത്ത് പനമ്പറ്റ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 60000 | Development Fund(CFC Basic Grant ) - 60000 | 0 | 60000 | |
| 18 | 68 - വെള്ളംകൊള്ളി പാടം പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |
| 19 | 69 - കവളപാറമുക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 40000 | Development Fund(CFC Basic Grant ) - 40000 | 0 | 40000 | |
| 20 | 70 - കാരൊള്ളി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 30000 | Development Fund(CFC Basic Grant ) - 30000 | 0 | 30000 | |
| 21 | 71 - കോഴിതടം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 158000 | Development Fund(CFC Basic Grant ) - 158000 | 0 | 158000 | |
| 22 | 72 - പടിഞ്ഞാറ്റുമുറി വെള്ളതെമന | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 160000 | Development Fund(CFC Basic | 0 | 160000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | | | | Grant ) - 160000 | | | |
| 23 | 73 - ചാത്തൻ കുളം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 60000 | Development Fund(CFC Basic Grant ) - 60000 | 0 | 60000 | |
| 24 | 75 - കുനംപറമ്പ് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |
| 25 | 76 - ചീരക്കുഴി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |
| 26 | 77 - പുതുകൊള്ളി അങ്കണവാടി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 50000 | Maintenance Fund - Non-road Assets - 50000 | 0 | 50000 | |
| 27 | 78 - കമ്മിൽചിറ പട്ടതടത്തിൽ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 28 | 82 - കോട്ടപള്ള കോട്ടമ്മൽ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 40000 | Development Fund(CFC Basic Grant ) - 40000 | 0 | 40000 | |
| 29 | 83 - കക്കാട് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 25000 | Development Fund(CFC Basic Grant ) - 25000 | 0 | 25000 | |
| 30 | 84 - പുതുമനപാറ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 70000 | Development Fund(CFC Basic Grant ) - 70000 | 0 | 70000 | |
| 31 | 85 - പാറടി മൊട്ടക്കുന്ന് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 70000 | Development Fund(CFC Basic Grant ) - 70000 | 0 | 70000 | |
| 32 | 86 - പുല്ലേങ്ങൾ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 40000 | Development Fund(CFC Basic Grant ) - 40000 | 0 | 40000 | |
| 33 | 87 - വളച്ചെട്ടി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 40000 | Development Fund(CFC Basic Grant ) - 40000 | 0 | 40000 | |
| 34 | 88 - ചാത്തുണ്ണിപറമ്പ് വാഴക്കാട്ടിരി പൈപ്പ് ലൈൻ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 30000 | Development Fund(CFC Basic Grant ) - 30000 | 0 | 30000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | | | | | |
| 35 | 89 - മുഞ്ഞക്കളം പടിഞ്ഞാറമണ്ണ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 36 | 90 - മെരുവിൻകുന്ന പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 25000 | Development Fund(CFC Basic Grant ) - 25000 | 0 | 25000 | |
| 37 | 91 - മൊട്ടമ്മൽ കരുവന്നാൽ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 60000 | Development Fund(CFC Basic Grant ) - 60000 | 0 | 60000 | |
| 38 | 92 - പി . എച് സി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 40000 | Maintenance Fund - Non-road Assets - 40000 | 0 | 40000 | |
| 39 | 93 - കോക്കുന്ന് പറമ്പാട്ട്പറമ്പ് സ്കൂൾ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 60000 | Development Fund(CFC Basic Grant ) - 60000 | 0 | 60000 | |
| 40 | 94 - കരാട്ട്പറമ്പ് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 60000 | Development Fund(CFC Basic Grant ) - 60000 | 0 | 60000 | |
| 41 | 95 - വെണ്ണിയം പറമ്പ് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |
| 42 | 96 - കാരയിൽ റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |
| 43 | 156 - പടിഞ്ഞാറമണ്ണ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 2016-17 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 11303 | Development Fund(CFC Basic Grant ) - 11303 | 0 | 11303 | |
| 44 | 85 - പടിഞ്ഞാറ്റുമുറി വെള്ളതെമന പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 200000 | Development Fund(CFC Basic Grant ) - 200000 | 0 | 200000 | |
| 45 | 86 - പാലപ്പറമ്പ് വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 210000 | Development Fund(CFC Basic Grant ) - 210000 | 0 | 210000 | |
| 46 | 126 - കാരൊള്ളി റോഡ് പൈപ്പ് ലൈൻ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - | 0 | 100000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ദീർഘിപ്പിക്കൽ | | | | 100000 | | | |
| 47 | 128 - പട്ടികുത്ത് റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 48 | 138 - പുതുകൊള്ളി അംഗനവാടി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 75000 | Development Fund(CFC Basic Grant ) - 75000 | 0 | 75000 | |
| 49 | 139 - കളത്തിങ്ങൽ ആലിപടി പാത്‌വേ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 50 | 140 - നെല്ലിപറമ്പ്കുനം പറമ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 120000 | Development Fund(CFC Basic Grant ) - 120000 | 0 | 120000 | |
| 51 | 141 - കോഴിതടം റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 52 | 142 - കോഴിഞ്ഞിൽ കുടി വെള്ളപദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 200000 | Development Fund(CFC Basic Grant ) - 200000 | 0 | 200000 | |
| 53 | 156 - കാഞ്ഞിരം കുന്ന് പറമ്പ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |
| 54 | 157 - പുല്ലേങ്ങൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 40000 | Development Fund(CFC Basic Grant ) - 40000 | 0 | 40000 | |
| 55 | 163 - കക്കാട് പാറടി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 56 | 164 - പാറടിപുതുമന റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 57 | 165 - മുഞ്ഞക്കുളം തെക്കേത്തൊടി റോഡ് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 58 | 169 - പാറമ്മൽ ട്രാൻസ്ഫോർമർ കുണ്ടത്തറ പള്ളി | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | | | | |
| 59 | 170 - മുഞ്ഞക്കുളം തോണിക്കടവ് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 50000 | Development Fund(CFC Basic Grant ) - 50000 | 0 | 50000 | |
| 60 | 179 - വിവിധ സ്ഥലങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 49985 | Development Fund(CFC Basic Grant ) - 49985 | 0 | 49985 | |
| 61 | 233 - മുണ്ടക്കോട് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 150000 | Development Fund(CFC Basic Grant ) - 150000 | 0 | 150000 | |
| 62 | 234 - വെളുത്തേമന വെള്ളംകൊള്ളിപാടം പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 150000 | Development Fund(CFC Basic Grant ) - 150000 | 0 | 150000 | |
| 63 | 240 - മാതൊടി കാരോളി വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ (3-ഫേസ്) | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 180000 | Development Fund(CFC Basic Grant ) - 176000 , Own Fund - 4000 | 0 | 180000 | |
| 64 | 241 - കുളത്തുപ്പുറം റോഡ് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 300000 | Development Fund(CFC Basic Grant ) - 300000 | 0 | 300000 | |
| 65 | 242 - ചവറേങ്ങൽ പട്ടത്തടത്തിൽ റോഡ് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 150000 | Development Fund(CFC Basic Grant ) - 150000 | 0 | 150000 | |
| 66 | 244 - ഉമ്മിണിക്കുന്നത്ത് റോഡ് പൈപ്പ്ലൈൻ ദീർഘിപ്പിക്കൽ | 2017-18 | കേരളാ വാട്ടർ അതോറിറ്റി | 100000 | Development Fund(CFC Basic Grant ) - 100000 | 0 | 100000 | |
| 67 | 245 - വള്ളിക്കാപ്പറ്റ -കുട്ടിലങ്ങാടി റോഡിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 360102 | Development Fund(CFC Basic Grant ) - 360102 | 0 | 360102 | |
| 68 | 249 - ചാത്തുണ്ണി പറമ്പ് റോഡ് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 70154 | Development Fund(CFC Basic Grant ) - 3060 , Development Fund(General) - 16500 , Own Fund - 50594 | 0 | 70154 | |
| 69 | 252 - അത്തിക്കുഴി പറമ്പാട്ട് റോഡ് വൈദ്യുതി പോസ്റ്റുകൾ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 78705 | Own Fund - 78705 | 0 | 78705 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | മാറ്റി സ്ഥാപിക്കൽ | | | | | | | |
| 70 | 260 - പടിഞ്ഞാറെകണ്ട് അങ്കണവാടിയിലെ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2017-18 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 14080 | Development Fund(CFC Basic Grant ) - 3268 , Own Fund - 10812 | 0 | 14080 | |
| 71 | 82 - വിവിധ സ്ഥലങ്ങളിൽ വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 320511 | Development Fund(CFC Basic Grant ) - 320511 | 0 | 320511 | |
| 72 | 135 - വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 2018-19 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 350807 | Development Fund(CFC Basic Grant ) - 350807 | 0 | 350807 | |
| 73 | 288 - വൈദ്യുതി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 2019-20 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 36746 | Development Fund(CFC Basic Grant ) - 36746 | 0 | 36746 | |
| 74 | 322 - പാലാപറമ്പ് കുഴൽ കിണർ നിർമ്മാണം | 2020-2021 | ഭൂജല വകുപ്പ് | 46095 | Development Fund(CFC Tied Grant ) - 46095 | 0 | 46095 | |
| 75 | 332 - പാലാപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 2020-2021 | ഭൂജല വകുപ്പ് | 300000 | Development Fund(CFC Tied Grant ) - 300000 | 0 | 300000 | |
| 76 | 128പാലാപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം | 2021-2022 | **ഭൂജല വകുഷ്** | **31775** | **വികസനഫണ്ട് CFC** | **0** | **31775** | |
| 77 | 183പൊതു ശ്മശാനം കുഴൽ കിണർ നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ | 2021-2022 | **ഭൂജല വകുഷ്** | **100000** | **വികസന ഫണ്ട് CFC 100000** | **0** | **100000** | |
| 78 | 246പഞ്ചായത്ത് കെട്ടിട സമുച്ചയത്തിൽ സോളാർ സംവിധാനം | 2021-2022 | **അനർട്ട്** | **806000** | **മെയിന്റനൻസ് ഗ്രാന്റ് 406000 തനത്-402500** | **0** | **806000** | |
| 79 | 253മോതി പമ്പ് ഹൌസിന് ട്രാൻസ്ഫോർമർ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ലൈൻ നീട്ടൽ | 2021-202 | **കേരള വാട്ടർ അതോറിറ്റി** | **425000** | **Cfc 425000** | **0** | **425000** | |
| 80 | 257കുടിവെള്ള പദ്ധതി - പമ്പിംഗ് ശേഷി വർദ്ധിപ്പിക്കൽ -വാട്ടർ അതോറിറ്റിക്ക് ഡിപ്പോസിറ്റ് | 2021-2022 | **കേരള വാട്ടർ അതോറിറ്റി** | **2153160** | **Cfc 2153160** | **0** | **2153160** | |

മേൽ പ്രവൃത്തികളിലെ ഡെപ്പോസിറ്റ് തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 01/08.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതും, വിനിയോഗത്തിന് ശേഷം ലഭ്യമാവാൻ അവശേഷിക്കുന്ന തുകകൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതുമാണ്. പരാമർശം നിയമസഭാ സമിതിയുടെ പരിഗണനക്ക് ശുപാർശ ചെയ്യേണ്ടതായതിനാൽ ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-13 അധിക നിർമ്മാണത്തിന് ക്രമവൽക്കരണ ഫീ/വസ്തുനികുതി ചുമത്തിയില്ല.

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് വാർഡ് 2ൽ റീസർവ്വേ നം. 16/2C1-120 ഭൂമിയിൽ 272.56 ച.മീ (GF 121.74ച.മീ + FF 150.82ച.മീ) നിർമ്മിത വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് A3/64/22, തീയ്യതി 20.05.2022 നമ്പറായി ശ്രീ. മുജീബ് റഹ്മാൻ കുറുമാഞ്ചേരി എന്നവരുടെ പേരിൽ നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. പിന്നീട് പെർമിറ്റ് ശ്രീ. ഫാസിൽ അബൂബക്കർ നെച്ചിക്കണ്ടൻ എന്നവരുടെ പേരിലേക്ക് മാറ്റുകയും നിർമ്മാണം പൂർത്തിയാക്കി A3/3166/22, തീയ്യതി 20.05.2022 ആയി നമ്പറിംഗിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പൂർത്തീകരണ പ്ലാൻ പ്രകാരമുള്ള 268.74 ച.മീ (GF 118.87 ച.മീ + FF 149.87ച.മീ) കെട്ടിടത്തിന് 2/520/A മുതൽ P വരെ (I, O എന്നിവ ഒഴികെ) 14 നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ പൂർത്തീകരണ പ്ലാനിൽ കാണിച്ചിട്ടുള്ള എലിവേഷനിൽ കെട്ടിടത്തിന്റെ രണ്ടാം നിലയിൽ ഒരു നിർമ്മിതി ഉള്ളതായി കാണുന്നു. ഇതിന്റെ പ്ലാൻ സമർപ്പിക്കുകയോ വിസ്തീർണ്ണം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.



രണ്ടാം നിലയിലെ നിർമ്മിതിയുടെ വിസ്തീർണ്ണം വസ്തുനികുതി നിർണ്ണയത്തിനായി കണക്കിലെടുക്കുകയോ, ഈ വിസ്തീർണ്ണം കൂടെ പരിഗണിക്കുമ്പോൾ നിർമ്മാണാനുമതി നൽകിയ വിസ്തീർണ്ണത്തെക്കാൾ കൂടിയിട്ടുണ്ടെങ്കിൽ ക്രമവൽക്കരണ ഫീ ഈടാക്കുകയോ ചെയ്തിട്ടില്ല. അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 27/14.12.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക നിർമ്മാണം ക്രമവത്കരിക്കുന്നതിലും വസ്തു നികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്യുന്നതിനും നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-14 നമ്പർ ലഭിച്ചതിന് ശേഷം അനധികൃതമായി കെട്ടിടത്തിന്റെ ഘടനയിൽ മാറ്റം വരുത്തി.

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് വാർഡ് 10ൽ റീസർവേ നം. 47/2-7ൽ ശ്രീ. അബ്ദുറഹിമാൻ എരണിയൻ എന്നയാൾ A3-3265/2020, തീയ്യതി : 07.10.2020 നമ്പർ പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തിയാക്കി A3-4520/2021, തീയ്യതി : 11.10.2021 പ്രകാരം നമ്പറിങ്ങിനായി അപേക്ഷിച്ച കെട്ടിടത്തിന് താഴെ പറയും പ്രകാരം നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. കെട്ടിടത്തിന്റെ അധിക നിർമ്മാണം ക്രമവൽക്കരിക്കുകയും, പിന്നീട് C1-938/22, തീയ്യതി 02.06.2022 നമ്പർ ഫയൽ പ്രകാരം മുഹമ്മദ് കുട്ടി & ഹസീന മുഹമ്മദ് കുട്ടി, നെച്ചിയിൽ വീട് എന്നിവരുടെ പേരിലേയ്ക്ക് ഉടമസ്ഥാവകാശം മാറ്റിയിട്ടുമുണ്ട്

| കെട്ടിടത്തിന്റെ ഭാഗം (ഉപയോഗം) | നിർമ്മിത വിസ്തീർണ്ണം (ച.മീ) | നൽകിയ നമ്പർ | വസ്തുനികുതി നിർണ്ണയിച്ച വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| ഭൂനിരപ്പ് നില (പാർക്കിംഗ് ഏരിയ) | 51.04 | - | - |
| ഭൂനിരപ്പ് നില (റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് - 2 എണ്ണം) | 96.24 | 10/279/A | 48.12 |
| | | 10/279/B | 48.12 |
| ഒന്നാം നില (റെസിഡൻഷ്യൽ അപ്പാർട്ട്മെന്റ് - 2 എണ്ണം) | 96.24 | 10/279/C | 48.12 |
| | | 10/279/D | 48.12 |
| ഒന്നാം നില (വാണിജ്യാവശ്യത്തിനുള്ളവ) | 63.92 | 10/279/E | 31.96 |
| | | 10/279/F | 31.96 |
| **ആകെ** | **307.44** | **-** | **256.4** |

കെട്ടിടത്തിന് ചട്ടപ്രകാരമുള്ള പാർക്കിംഗ് ആവശ്യത്തിലേയ്ക്കായി ഇരുചക്ര വാഹന പാർക്കിംഗും 2 കാർ പാർക്കിംഗും കെട്ടിടത്തിന് പുറത്തായും, 2 കാർ പാർക്കിംഗ് കെട്ടിടത്തിനകത്ത് പാർക്കിംഗ് ഏരിയായി കാണിച്ചിട്ടുള്ള ഭാഗത്തുമാണ് പൂർത്തീകരണ പ്ലാൻ പ്രകാരം നൽകിയിട്ടുള്ളത്. കെട്ടിടത്തിൽ പാർക്കിംഗ് ഏരിയ ആയി കാണിച്ചിട്ടുള്ള ഭാഗം ഷട്ടർ ഇട്ട് കാണുന്നതായി വാർഡ് ക്ലർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ഈ ഭാഗം പാർക്കിംഗിനായി മാത്രം ഉപയോഗിക്കേണ്ടതാണെന്നും, ഭാവിയിൽ വാണിജ്യ കെട്ടിടമായി ഉപയോഗിക്കുകയോ ഉപയോഗക്രമം മാറ്റുകയോ ചെയ്യാൻ പറ്റില്ലെന്നുമുള്ള വ്യവസ്ഥകളിൽ കെട്ടിട നമ്പർ നൽകാവുന്നതാണെന്നും സെക്ഷൻ ക്ലർക്ക് 03.11.2021 തീയ്യതിയിൽ നോട്ട് ഫയൽ രേഖപ്പെടുത്തുകയും ഇതേ തീയ്യതിയിൽ സെക്രട്ടറി നോട്ട് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

|  | <br> |
|---|---|
| സൈറ്റ് പ്ലാൻ | എലവേഷൻ |

14.12.2023 തീയതിയിൽ ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഓവർസീയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം പരിശോധിച്ചു. കെട്ടിടത്തിന്റെ ഭൂനിരപ്പ് നിലയിൽ പൂർത്തീകരണ പ്ലാൻ പ്രകാരം പാർക്കിംഗ് ഏരിയ ആയി കാണിച്ചിരുന്ന 2 മുറികളിലായി "അഫ്രാദ് സൈക്കിൾസ്" എന്ന പേരിൽ സൈക്കിൾ കട പ്രവർത്തിക്കുന്നുണ്ട്.




സ്ഥല പരിശോധന

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 28/14.12.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. അംഗീകരിച്ച പൂർത്തീകരണ പ്ലാനിൽ നിന്നും വ്യത്യസ്തമായി ഉപയോഗക്രമം മാറ്റിയത് സംബന്ധിച്ച് കെട്ടിട ഉടമയ്ക്ക് അറിയിപ്പ് നൽകി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/നമ്പറിംഗ് - തുടർനടപടി വിവരം ലഭ്യമാക്കിയില്ല.

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാർത്താവിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്/നമ്പറിംഗ് സംബന്ധിച്ച അപാകതകൾ 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 1-15, 1-17 എന്നീ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ളതാണ്. പ്രസ്തുത വാർത്താവിനിമയ ഗോപുരങ്ങൾ സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള തുടർനടപടി വിവരം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 20/14.12.2023ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-16 തരംമാറ്റിയ ഭൂമിയിലെ കെട്ടിട നിർമ്മാണം - കൃത്രിമം നടത്തിയ ട്രഷറി ചലാൻ ഹാജരാക്കി.

കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്ത് വാർഡ് 15ൽ റീസർവ്വേ നം. 32/2-8 ആയ 11.33 ആർ ഭൂമിയിൽ 1)ലൈല 2)ഫൈനാസിയാബി 3)ഫാത്തിമ നിലോഫർ 4)ഫെബിത എന്നിവരുടെ ഉടമസ്ഥതയിൽ 379.03 ച.മീ (4078.76 ച. അടി) നിർമ്മിത വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് A3/2069/22, തീയ്യതി 30.08.2022 നമ്പറായി നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. (നിലവിൽ, കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കി ഫയൽ നം. A3-956/23, തീയ്യതി 06.03.2023 പ്രകാരം നമ്പറിങ്ങിനായി അപേക്ഷ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ 15/247/B മുതൽ J വരെ (I ഒഴികെ) 8 നമ്പറുകൾ നൽകി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.). പെരിന്തൽമണ്ണ സബ് കളക്ടറുടെ 29.04.2022 തീയ്യതിയിലെ RDOPTM/783/2022/എം2 നമ്പർ നിലം ഭൂമി തരംമാറ്റ ഉത്തരവിലെ ഉപാധി പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ 3000 ചതുരശ്ര അടിയിൽ കൂടുതലായി വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100 രൂപ എന്ന നിരക്കിൽ ആകെ ₹1,07,900/- (ഒരു ലക്ഷത്തി ഏഴായിരത്തി തൊള്ളായിരം രൂപ മാത്രം) സർക്കാരിലേക്ക് അടവാക്കാൻ 22.08.2022 തീയ്യതിയിലെ 400886/BPMC02/ GPO/2022/2069/(3) കത്ത് മുഖേന അപേക്ഷകരോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതേ തീയ്യതിയിൽ മലപ്പുറം ജില്ലാ ട്രഷറിയിൽ 1,07,900/- രൂപ അടവാക്കിയതിന്റെ ട്രഷറി ചലാൻ (മാന്വൽ ആയി തയ്യാറാക്കിയത്) പകർപ്പ് ഹാജരാക്കിയതിന് ശേഷമാണ് നിർമാണാനുമതി നൽകിയത്. ചലാനിൽ പണം സ്വീകരിച്ചതായി സീൽ പതിക്കുകയും, KL014131564202223M എന്ന ഗവണ്മെന്റ് റഫറൻസ് നമ്പർ (GRN) രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ട്രഷറി വകുപ്പിന്റെ ഇ-ട്രഷറി വെബ്സൈറ്റ് (Https://etreasury.kerala.gov.in) മുഖേന ഈ ചലാൻ പരിശോധിയ്ക്കുമ്പോൾ ലഭിയ്ക്കുന്ന ഇ-ചലാനിൽ ₹7,900/- (ഏഴായിരത്തി തൊള്ളായിരം രൂപ മാത്രം) ഒടുക്ക് വരുത്തി എന്നാണ് കാണിക്കുന്നത്. ഈ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചലാന്റെ ആധികാരികത പരിശോധിക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം. 13/13.12.2023 മുഖേന സെക്രട്ടറിയോട് ആവശ്യപ്പെടുകയും, ഈ ഓഫീസിൽ നിന്നുമുള്ള 13.12.2023 തീയ്യതിയിലെ കെ.എസ്.എ.എം.പി.എം.2/2746/2023 നമ്പർ കത്ത് മുഖേന വിവരം മലപ്പുറം ജില്ലാ

ട്രഷറി ഓഫീസറുടെയും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. പ്രസ്തുത നമ്പർ ചലാൻ ഉപയോഗിച്ച് മലപ്പുറം ജില്ലാ ട്രഷറിയിൽ അടവാക്കിയിട്ടുള്ളത് ₹7,900/- (ഏഴായിരത്തി തൊള്ളായിരം രൂപ മാത്രം) ആണെന്ന് ജില്ലാ ട്രഷറി ഓഫീസർ 14.12.2023 തീയ്യതിയിലെ A1/4288/2023 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. ട്രഷറി ചലാനിൽ കൃത്രിമം നടത്തി 100,000 രൂപ അപഹരിച്ചു എന്ന് വ്യക്തമായി.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 13/13.12.2023)ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

ഒറിജിനൽ ചലാൻ ഹാജരാക്കിയ വേളയിൽ ഇ-ചലാൻ മുഖേന തുകയുടെ ഒടുക്കിന്റെ കൃത്യത പരിശോധന വിധേയമാക്കാമായിരുന്നുവെങ്കിലും അത്തരത്തിൽ പരിശോധന നടത്താതെ പോയതാണ് ഒടുക്കിലെ തിരിമറി തിരിച്ചറിയാതിരിക്കാൻ കാരണമായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. പഞ്ചായത്തിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള മറ്റ് ട്രഷറി ചലാനുകളിൽ ഇത്തരത്തിൽ കൃത്രിമം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ട്രഷറി ചലാനിൽ കൃത്രിമം നടത്തി പണാപഹരണം നടത്തിയ വിവരം തുടർ നടപടിക്കായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## 1-17 റേഷൻകടകൾ ലൈസൻസ് എടുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്). പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഒരു റേഷൻ കടയ്ക്ക് (ലൈസൻസി ശ്രീ അബൂബക്കർ അലി, വാർഡ് നം 14) ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിക്കുകയും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുകയും ചെയ്തതായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കാണുന്നുണ്ടെങ്കിലും, ഗ്രാമപഞ്ചായത്തിലെ മറ്റു റേഷൻ കടകൾ നാളിതുവരെ ലൈസൻസ് എടുത്തതായി ലൈസൻസ്/തൊഴിൽ നികുതി രജിസ്റ്ററിൽ ഇല്ല. ലൈസൻസ് രജിസ്റ്ററിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റു റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടർ 18.08.2017ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് അയച്ച സി4-25910/17 നമ്പർ കത്ത്, സിവിൽ സപ്ലൈസ് ഡയറക്ടർ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അയച്ച നമ്പർ (സി.എസ്.)എ9-764/2019 തിയതി: 22.01.2019 കത്ത് എന്നിവയിൽ റേഷൻകടകളെ പഞ്ചായത്ത് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല എന്ന് അറിയിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ റേഷൻ കടകളുടേയും വിവരവും അവയ്ക്ക് ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്എന്ന സൂചിപ്പിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 33/15.12.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമമറുപടിയിൽ തന്നെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-18 അറവുമാലിന്യം ശേഖരിച്ച് സംസ്കരിക്കൽ - തുടർ നടപടി വിവരം ലഭ്യമാക്കിയില്ല.

പഞ്ചായത്ത് പ്രദേശത്തെ അറവുമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് ഏറ്റവും കൂടിയ തുക കാണിച്ചുകൊണ്ട് ഒരു കടയ്ക്ക് ഒരു മാസത്തേക്ക് 301/- രൂപ എന്നതോതിൽ ക്വട്ടേഷൻ സമർപ്പിച്ച BETON PROTEINS REGD. OFFICE KARUVARAKKUNDU എന്ന സ്ഥാപനത്തിൻറെ ക്വട്ടേഷൻ അംഗീകരിച്ചു. 5 വർഷത്തേക്ക് ഓരോ വർഷവും ഉഭയ സമ്മതപ്രകാരമുള്ള റോയൽറ്റി വർദ്ധനവ് വരുത്തിക്കൊണ്ടുള്ള കരാറിലേർപ്പെടുന്നതിനും മേലിൽ ടി സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണത്തിനുള്ള സംവിധാനമേർപ്പെടുത്തിയിട്ടുള്ളതായി കണക്കാക്കി ലൈസൻസ് നൽകുന്നതിനും അല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയതായുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ലൈസൻസ് നിഷേധിക്കുന്നതിനും പഞ്ചായത്ത് ഭരണസമിതിയുടെ 27.01.2023 ലെ അജണ്ട 18 പ്രകാരം തീരുമാനം എടുത്തിട്ടുണ്ട്.

മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താഴെ പരാമർശിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1. സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകൾ.
2. ക്വട്ടേഷൻ പ്രകാരമുള്ള തുക അടവാക്കിയതിന്റെ രേഖകൾ ,
3. മേൽ പരാമർശിക്കപ്പെട്ട സ്ഥാപനത്തിന് അറവു മാലിന്യങ്ങൾ കൈമാറുന്ന സ്ഥാപനങ്ങളുടെ വിവരം

രേഖകൾ ഹാജരാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 32/15.12.2023) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-19 മരുന്ന് മുഴുവനും ലഭ്യമായിട്ടില്ല

പ്രൊജക്ടിന്റെ പേര് & നം : പി.എച്ച്.സിയിലേയ്ക്ക് മരുന്ന് വാങ്ങൽ (5/23)

അടങ്കൽ : 15,00,000/-

ചെലവ് : 7,50,000/- ( BRNo. 221511520266005144448/05.09.22)

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ, മേൽ പ്രൊജക്ട് പ്രകാരം പി.എച്ച്.സിയിലേയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ടി കെ.എം.എസ്.സി.എൽ- ന് മുൻകൂറായി 7,50,000/- രൂപ നൽകിയിട്ടുണ്ട്. ഇതിൽ പ്രൊഫോർമ ഇൻവോയ്സ് നം PRF 1058/20-08-22 പ്രകാരമുള്ള 225666രൂപയുടെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രഫോർമ ഇൻവോയ്സ് നം.1043/19-8-22 പ്രകാരമുള്ള 524334/-രൂപയുടെ മുഴുവൻ മരുന്നുകളും ഓഡിറ്റ് തീയതി വരെയും കെ.എം.എസ്.സി.എൽ- ൽ നിന്നും ലഭ്യമായിട്ടില്ല. ലഭ്യമായ മരുന്നിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം & തീയതി | തുക (₹) | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക (₹) |
|---|---|---|
| 21300/22.11.23 | 29,604 | |
| 15745/11.08.23 | 45,931 | |
| 14075/27.07.23 | 45,158 | |
| 12925/15.07.23 | 7,627 | |
| 1851/05.05.23 | 65,825 | |
| 238/04.04.23 | 50,611 | 29,040 |
| 2552/23.02.23 | 14,280 | |
| 2132/27.12.22 | 45,158 | |
| 21320/27.12.22 | 37,928 | |
| 17567/18.11.22 | 82,640 | |
| 17703/14.11.22 | 70,532 | |
| **ആകെ** | **4,95,294** | **29,040** |

അവശേഷിയ്ക്കുന്ന 29,040/- രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം

ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 4/11.12.23), അവശേഷിയ്ക്കുന്ന മരുന്നുകൾ ഉടൻ തന്നെ ലഭ്യമാക്കുന്നതാണെന്ന് കെ.എം.എസ്.സി.എൽ അറിയിച്ചിട്ടുണ്ടെന്ന് മെഡിയ്ക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്ന് ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്റർ സഹിതം അറിയിയ്ക്കേണ്ടതാണ്.

## 1-20 ആദായനികുതി പിഴ ഒടുക്കി - പഞ്ചായത്ത് ഫണ്ടിന് നഷ്ടം

ചെലവ് : ₹94,817/- തനത് (വൗച്ചർ നം 22200503/29.10.22)

മേൽ വൗച്ചർ പ്രകാരം 2012-13 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ആദായ നികുതി ഔട്ട്സ്റ്റാൻറിംഗ് ഡിമാന്റായി 60,060/- രൂപയും പിഴ 34,757/- രൂപയുമുൾപ്പെടെ ആകെ 94,817/- രൂപ ആദായ നികുതി വകുപ്പിന് അടവാക്കിയിട്ടുണ്ട്. യഥാസമയം റിട്ടേൺ ഫയൽ ചെയ്ത് നികുതി ഒടുക്ക് വരുത്താത്തതിനാലാണ് പിഴ ഒടുക്ക് വരുത്തേണ്ടിവന്നത്.

ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25/25.08.2022 നം തീരുമാനപ്രകാരം പിഴ ഒടുക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ഈ തീരുമാനപ്രകാരം പിഴ ഒടുക്ക് വരുത്തിയത് തിരികെ ലഭിക്കുന്നതിന് സർക്കാറിനോട് അപേക്ഷിക്കാൻ പ്രസിഡന്റിനെ ചുമതലപ്പെടുത്തി തീരുമാനം എടുത്തിട്ടുണ്ട്. ഈ തീരുമാനം നടപ്പാക്കിയതിന്റെയും തുടർ നടപടികളുടെയും രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ഓരോ വർഷത്തേയും ഇൻകം ടാക്സ് റിട്ടേൺ നിശ്ചിത കാലയളവിനകം ഫയൽ ചെയ്യുക എന്നത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമായിരുന്നു. ഇത് അതാത് കാലഘട്ടത്തിലെ പഞ്ചായത്ത് സെക്രട്ടറിമാരുടെ ഉത്തരവാദിത്തമായിരുന്നു. അതാത് കാലഘട്ടത്തിലെ പഞ്ചായത്ത് സെക്രട്ടറിമാർ ചുമതല നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയത് കാരണമാണ് പഞ്ചായത്തിന് വൻതുക പിഴ ഒടുക്കേണ്ടി വന്നത്.

യഥാസമയം ആദായനികുതി റിട്ടേൺ ഫയൽ ചെയ്യാതെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് തുക ഈടാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മേൽ കാലയളവിൽ സെക്രട്ടറിമാരായിരുന്ന ഉദ്യോഗസ്ഥരുടെ പേര്, മേൽ വിലാസം, സേവന കാലയളവ് എന്നിവയും ഓഡിറ്റിന്

ലഭ്യമാക്കേണ്ടതാണ്.എന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 12/13.12.2023)ക്ക് ലഭ്യമാക്കിയ മറുപടിയിൽ, പരാമർശിത കാലയളവിലെ സെക്രട്ടറിമാരുടെ വിവരം ലഭ്യമാക്കിയിട്ടുണ്ട്.സെക്രട്ടറിമാരുടെ വിവരം താഴെ ചേർക്കുന്നു.

| പേര് | കാലയളവ് |
|---|---|
| ശ്രീ. ബീരാൻകുട്ടി.കെ. | 1.4.2012മുതൽ 23.7.2015 വരെ |
| ശ്രീമതി.റഹിയാൻബി.കെ. | 24.7.2015മുതൽ 19.1.2016വരെ |
| ശ്രീമതി.മറിയാമ്മ. എൻ.ജി.(ഇൻ ചാർജ്) | 20.1.2016മുതൽ 28.7.2016വരെ |
| ശ്രീ. മൊയ്തീൻകുട്ടി. എം | 29.7.2016മുതൽ 8.8.2017വരെ |
| ശ്രീമതി.ജഗദമ്മ.എം | 9.8.2018മുതൽ 31.8.2017വരെ |
| ശ്രീ. മൊയ്തീൻകുട്ടി. എം | 1.9.2017മുതൽ 14.3.2019വരെ |
| ശ്രീ. പ്രദീപ് കുമാർ.പി.(ഇൻ ചാർജ്) | 15.3.2019മുതൽ 14.3.2019വരെ |

2012-13 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ ആദായ നികുതി ഔട്ട്സ്റ്റാൻറിംഗ് ഡിമാന്റ് സംബന്ധിച്ച വിശദാംശങ്ങൾ *TRACES* വെബ്സൈറ്റിൽ നിന്നും പരിശോധിയ്ക്കാൻ സാധിയ്ക്കുന്നില്ല എന്നും, ആയതു സംബന്ധിച്ച വിവരം പരിശോധിച്ചതിന് ശേഷം വിശദമായ റിപ്പോർട്ട് സമർപ്പിയ്ക്കുന്നതാണ് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ ചെലവു തുക 94,817/- തടസ്സം ചെയ്യുന്നു.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നമ്പർ/ തീയതി | പ്രൊജക്ട് | തുക | ഏജൻസി |
|---|---|---|---|---|
| 1 | 22200565/18.11.2022 | 175/23 - കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ലൈൻ നീട്ടൽ | 37,761 | കേരള വാട്ടർ അതോറിറ്റി |
| 2 | 2,97,450/- (22200943/25.03.2023) 85,665/- (ACR Bill No.60/ 31.08.2022) 1,95,303/- (ACR Bill No. 193/ 27.01.2023) | 92/23 - വിവിധ റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 5,78,418 | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |
| 3 | 22200983, 31.03,2023 | 230/23 - സ്ട്രീറ്റ് മെയിൻ വലിക്കൽ | 9,24,412 | " |
| 4 | 22201037/31.3.2023 | 63/23 - പൊതു ശ്മശാനം കുഴൽ കിണർ നിർമ്മാണം | 58,535 | ഭൂജല വകുപ്പ് |
| 5 | 22200944/25.03.2023 | 231/23 - പാലാപറമ്പ് - കുടിവെള്ള പദ്ധതി പൂർത്തീകരണം അധിക തുക അടവാക്കൽ | 75,000 | " |
| | | **ആകെ** | **16,74,126** | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി നൽഖിയത ഓഡിറ്റ് എൻക്വയറി നം.15/14.12.23ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ഹാജരാക്കി അറിയിയ്ക്കുന്നതുവരെ ചെലവു തുക 16,74,126/- രൂപ തടസ്സം ചെയ്യുന്നു.

## 1-22 പ്രൊജക്ട് ചെലവുകൾ - വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറിയുടെ 2022-23 വർഷത്തെ വിവിധ പ്രൊജക്ടുകളിലായി ചുവടെ ചേർക്കും പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. ചെലവുകളുടെ അനുബന്ധ രേഖകൾ, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | അടങ്കൽ തുക(₹) / | ചെലവ് തുക (₹) | BRN നമ്പർ / തിയ്യതി | ചെലവ് വിശദാംശം | കുറിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | ഫണ്ട് ഇനം | | | | |
| 189/23 ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ പഞ്ചായത്ത് വിഹിതം നൽകൽ | 2,65,000/- വികസന ഫണ്ട് - ജനറൽ | 2,65,000 | 22150552001000870027/ 06.12.2022 | ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം - ഗ്രാമ പഞ്ചായത്ത് വിഹിതം, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറത്തിന് നൽകി | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 106/23 SSK വിഹിതം അടവാക്കൽ | 25,63,645 വികസന ഫണ്ട് - ജനറൽ | 9,71,064 | 22150552001000916003/ 15.12.2022 | SSK വിഹിതം നൽകി | കൈപ്പറ്റ്, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| 217/23 - ശുചിത്വമിഷൻ ടെക്നോളജിക്കൽ കോൺക്ലേവിനുള്ള പഞ്ചായത്തു വിഹിതം | 25,000/- ധനകാര്യ കമ്മീഷൻ അവാർഡ് | 25,000 | വൗച്ചർ നം 22200894/ 09.03.2023 | ടെക്നോളജിക്കൽ കോൺക്ലേവിനുള്ള പഞ്ചായത്തു വിഹിതം ശുചിത്വമിഷൻ, എക്സി. ഡയറക്ടർക്ക് നൽകിയത് | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ഇല്ല |
| **ആകെ** | | **12,61,064** | | | |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 16/14.12.23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ ചെലവു തുക **12,61,064**/- രൂപ തടസ്സം ചെയ്യുന്നു.

**1-23 തെരുവുവിളക്ക് പരിപാലനം - അപാകതകൾ.**

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്റ്റിന്റെ പേര് : 180/23 - എൽ ഇ.ഡി. തെരുവു വിളക്കുകൾ സ്ഥാപിക്കൽ, പരിപാലിയ്ക്കൽ

അടങ്കൽ : ₹3,00,000/- CFC

ചെലവ് : ₹2,31,770/- (വൗച്ചർ നം .22200213/27.2.23)

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകളിൽ പ്രവർത്തിയ്ക്കാത്തവ പ്രവർത്തനക്ഷമമാക്കുകയും എല്ലാ ലൈറ്റുകളും എ.എം.സി വ്യവസ്ഥയിൽ 5 വർഷത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കി പരിപാലിയ്ക്കുകയും ചെയ്യുക എന്നതാണ് ഈ പ്രൊജക്ട്. കരാർ തീയതി 21.12.22. ഇതു പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത (ഒരു വിളക്കിന് പ്രതിവർഷം ₹980/-) ഇൻഡക്സ് ഇലക്ട്രിക്കൽസ് മഞ്ചേരി എന്ന സ്ഥാപനത്തിന് GST 4,635/- രൂപ അടക്കം 2,31,770/- രൂപ നൽകിയിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ /രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രൊജക്ട് നടത്തിപ്പിന് ടെണ്ടർ ചെയ്ത ടെണ്ടർ നോട്ടീസ് പ്രകാരം 7 ദിവസത്തിനകം ഒരു ലൈറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് വീഴ്ച വരുത്തിയാൽ ഒരു ലൈറ്റിന് ഒരു ദിവസത്തിന് 10 രൂപ നിരക്കിൽ പിഴ ഈടാക്കുന്നതാണ് എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കരാറുകാരനുമായി ചമച്ച കരാറിൽ ഈ നിബന്ധന ഉൾപ്പെടുത്തിയിട്ടില്ല.
2. കരാർ പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള എല്ലാ തെരുവ് വിളക്കുകളുടെയും വിവരം കരാറുകാരൻ പട്ടികപ്പെടുത്തി പോസ്റ്റ്നമ്പർ സഹിതം പഞ്ചായത്തിൽ സമർപ്പിക്കണം എന്നും പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ കാര്യങ്ങളൊന്നും തന്നെ കരാറുകാരൻ പാലിച്ചതായി കാണുന്നില്ല.
3. കരാർ പ്രകാരം പ്രവർത്തിക്കാത്ത തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത് കരാറുകാരൻ പഞ്ചായത്തിൽ റിപ്പോർട്ട് നൽകണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് പാലിച്ചതായി കാണുന്നില്ല.
4. തകരാറിലുള്ള തെരുവു വിളക്കുകളുടെ വിവരം സംബന്ധിച്ച് കരാർ പ്രകാരം സൂക്ഷിക്കേണ്ട പരാതി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
5. മെയിന്റനൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
6. വാർഡുകളിലെ തെരുവു വിളക്കുകൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ അതത് വാർഡു മെമ്പർ മാർ ഒപ്പിട്ട സാക്ഷ്യപത്രം ഫയലിലുണ്ട്. എന്നാൽ ഏതെല്ലാം തെരുവു വിളക്കുകളാണ് പ്രവർത്തനക്ഷമമാക്കിയത് എന്ന വിവരം ലഭ്യമല്ല.
7. കരാറുകാരൻ കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ അസി. എഞ്ചിനീയറുടെ അംഗീകാരത്തോടെ മാത്രമേ തെരുവ് വിളക്കുകളുടെ പരിപാലനം നടത്താൻ പാടുള്ളൂ. പ്രവൃത്തിക്ക് കെ.എസ്.ഇ.ബി യിൽ നിന്ന് അനുമതി ലഭിച്ച വിവരം ഫയലിൽ കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന സൂചിപ്പിച്ചു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 19/14.12.23 ന് ലഭ്യമാക്കിയ മറുപടിയിൽ,അപാകതകൾ പരിഹരിയ്ക്കുന്നതാണെന്നും ബന്ധപ്പെട്ട രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിയ്ക്കുന്നതാണ് എന്നും അറിയിച്ചു.

പദ്ധതി നിർവ്വഹണത്തിൽ ടെണ്ടർ/കരാർ നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് വർക്കിംഗ് ഗ്രൂപ്പും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതാണ്. തെരുവ് വിളക്ക് സ്റ്റോക്ക്, മെയിന്റനൻസ് രജിസ്റ്ററുകൾ തയ്യാറാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 1-24 മഴക്കാല പൂർവ്വ ശുചീകരണം - മുൻകൂർ നൽകിയ തുക ചെലവഴിച്ചില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 10,000/- രൂപ വീതം 19 വാർഡ് സമിതികൾക്ക് നൽകുന്നതിനായി വൗച്ചർ നം.22200710/12.01.23 പ്രകാരം 1,90,000/- രൂപ മെഡിക്കൽ ഓഫീസർ (PHC) ക്ക് നൽകിയിട്ടുണ്ട്. ഇതിൽ താഴെ പറയുന്ന വാർഡ് സമിതികൾ തുക ചെലവഴിച്ചിട്ടില്ല. 21.01.2023 തീയതിയിൽ തുക ക്യാഷ് ബുക്കിൽ വരവു വെച്ചിട്ടുണ്ട്. ബാലൻസ് തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം | പാസ് ബുക്ക് പ്രകാരമുള്ള ബാലൻസ് തുക | |
|---|---|---|
| | തീയതി | തുക (₹) |
| 1 | 01.02.2023 | 12,178 |
| 17 | 01.02.2023 | 15,336 |
| 12 | 01.11.2023 | 10,224 |
| 14 | 01.11.2023 | 11,904 |

മുൻകൂർ കൈപ്പറ്റിയ തുക നിശ്ചിത സമയത്തിനകം ചെലവഴിച്ചില്ല എങ്കിൽ പലിശ സഹിതം തിരികെ ഈടാക്കാൻ സർക്കാർ നിർദ്ദേശം ഉള്ളതാണ്. മുൻകൂർ കൈപ്പറ്റിയതിൽ നാളിതുവരെ ചെലവഴിക്കാത്ത തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നറിയിച്ചു കൊണ്ട് നൽകിയ ഓഡിററ് എൻക്വയറി (നം. 25/14.12.23)ക്ക് ലഭ്യമാക്കിയ മറുപടിയിൽ മഴക്കാല പൂർവ്വ ശുചീകരണത്തിനായി നൽകിയ ഫണ്ട് യഥാസമയം

ചെലവഴിച്ചിട്ടുള്ളതാണെന്നും എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഫണ്ട് യഥാസമയം പിൻവലിക്കുവാൻ സാധിച്ചിരുന്നില്ല എന്നുമാണ് മെഡിക്കൽ ഓഫീസർ അറിയിച്ചത്. ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി, വിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-25 കണ്ടിജന്റ് ചെലവുകൾ - മുൻകൂർ നൽകിയ തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്കുള്ള കണ്ടിജന്റ് ചെലവുകൾക്കായി (വെള്ളക്കരം, വൈദ്യുതി, സ്റ്റേഷനറി, പ്രിന്റിംഗ്) ചുവടെ കൊടുത്തിരിക്കുന്ന ഘടക സ്ഥാപനങ്ങൾക്ക് താഴെ പറയും പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ ചെലവിന്റെ വിശദാംശം, ക്യാഷ് ബുക്ക്, പാസ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നൽകിയ തുക (₹) | വൗച്ചർ നമ്പർ/ തീയതി | ഘടക സ്ഥാപനം |
|---|---|---|---|
| 1 | 8,562 | 22200056/19.5.22 | മെഡി. ഓഫീസർ (ആരോഗ്യം) |
| 2 | 50,000 | 22200219/13.7.22 | |
| 3 | 10,000 | 22200224/13.7.22 | |
| 4 | 50,000 | 22250466/3.10.22 | |
| 5 | 50,000 | 22200893/7.2.23 | |
| 6 | 32,705 | 22200893/22.7.22 | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്. മങ്കട പള്ളിപ്പുറം |
| ആകെ | 2,01,267 | | |

ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 24/14.12.23 യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-26 മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ -അപാകതകൾ

നിർവ്വഹണം : സെക്രട്ടറി

പ്രൊജക്റ്റിന്റെ പേര് : മിനി മാസ്റ്റ് ലൈറ്റ് റിപ്പയർ എ.എം.സി.(60/23) സ്പിൽ ഓവർ

അടങ്കൽ : ₹2,25,000/- തനതുഫണ്ട്

ചെലവ് : ₹2,25,000/- ( വൗച്ചർ നം .22200213/27.02.23)

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മിനി മാസ്റ്റ് ലൈറ്റുകളിൽ പ്രവർത്തിക്കാത്തവ പ്രവർത്തനക്ഷമമാക്കുകയും എല്ലാ ലൈറ്റുകളും എ.എം.സി വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കി പരിപാലിക്കുകയും ചെയ്യുക എന്ന ഈ പ്രൊജക്ട് പ്രകാരം ₹2,25,000/- കരാറുകാരനായ രവികുമാർ ഐക്കരപടി എന്നയാൾക്ക് നൽകിയിട്ടുണ്ട്. 29.10.21 മുതൽ 28.10.22 വരെയാണ് കരാർ കാലാവധി.

ഫയൽ /രജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. മിനി മാസ്റ്റ് ലൈറ്റുകളുടെ കേടുപാടുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കംപ്ലയിന്റ് ബുക്ക് നിശ്ചിത മാതൃകയിൽ സൂക്ഷിച്ചിട്ടില്ല.

2. മിനി മാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. പഞ്ചായത്ത് പരിധിയിൽ ആകെയുള്ള മിനി മാസ്റ്റ് ലൈറ്റുകൾ, അതിൽ പ്രവർത്തനക്ഷമമായവ, അല്ലാത്തവ എന്നിവ സംബന്ധിച്ച വ്യക്തമായ വിവരം ഫയലിൽ/രജിസ്റ്ററിൽ ലഭ്യമല്ല.

4. വാർഡുകളിലെ എല്ലാ മിനി മാസ്റ്റ് ലൈറ്റുകളും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ അതത് വാർഡു മെമ്പർമാർ ഒപ്പിട്ട സാക്ഷ്യപത്രം മാത്രമാണ് ഫയലിലുള്ളത്. ഏതെല്ലാം മിനി മാസ്റ്റ് ലൈറ്റുകളാണ് പ്രവർത്തനക്ഷമമാക്കിയത് എന്ന വിവരം ലഭ്യമല്ല.

5. പദ്ധതി വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്തതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/14.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം പ്രഥമ മറുപടിയിൽ തന്നെ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-27 കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് – വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

സ.ഉ(സാധാ).നം.426/തസ്വഭവ/26.02.19 പ്രകാരം കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ഒരു കുട്ടിക്ക് 50,000/- രൂപ നിരക്കിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് തുക കൈമാറുക എന്നതാണ് പദ്ധതി. ഐ.സി.ഡി.എസ് സൂപ്പർവൈസർ ആണ് പ്രൊജക്റ്റ് നിർവ്വഹണം നടത്തിയത്. ഇതു പ്രകാരം, മുഹമ്മദ് സാജിദ് സി.കെ, ഷഹൻ ബാസിൽ പി.ടി, റിംന ഹാദിയ എന്നീ ഗുണഭോക്താക്കൾക്ക് വേണ്ടി 1,50,000/-രൂപ കേരള സാമൂഹ്യ സുരക്ഷാ മിഷന് നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 155/23 |
| പ്രോജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് പഞ്ചായത്ത് വിഹിതം അടവാക്കൽ |
| ചെലവ് തുക | ₹1,50,000/- (വികസന ഫണ്ട്) |
| വൗച്ചർ നം. | 184/20.01.2023 : ₹50,000/-<br>360/28.03.2023 : ₹1,00,000/- |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

പദ്ധതിയുടെ തുടർ നടപടി വിവരങ്ങൾ, സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (2/7.12.2023) നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. ആയത് ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹1,50,000/- തടസ്സം ചെയ്യുന്നു

## 1-28 എം.ജി.എൻ.ആർ.ഇ.ജി.എസ് പർച്ചേസ് – ജി.എസ്.ടി റ്റി.ഡി.എസ് ചെയ്തില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ മൂല്യം 2.5 ലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ 2 ശതമാനം ജി.എസ്.ടി TDS ഈടാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ 3 പേർ പങ്കെടുക്കുകയും ഇതിൽ കുറവ് തുക (16,81,236/- രൂപ) ക്വാട്ട് ചെയ്ത മുഹമ്മദ് നിയാസ് എന്നവരുടെ ടെണ്ടർ 22.9.2022 ലെ 1/1 നമ്പർ ഭരണസമിതി തീരുമാന പ്രകാരം അംഗീകരിക്കുകയും ശ്രീ മുഹമ്മദ് നിയാസുമായി 3.10.2022 ന കരാർ ചമക്കുകയും ചെയ്തിട്ടുണ്ട്. കരാറുകാരൻ ജി.എസ്.ടി ഉൾപ്പെടുത്തിയ ഇൻവോയിസുകൾ സമർപ്പിക്കുകയും അർഹമായ തുകക്ക് ഫണ്ട് ട്രാൻസ്ഫർ ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | എഫ്ടിഒ നമ്പർ | തുക (₹) |
|---|---|---|---|
| 1 | പെരിന്താറ്റീരി അക്കരമ്മൽ റോഡ് കോൺക്രീറ്റ് (വാർഡ് 11) | 1409202316450/13.12.2023 | 65,732 |
| 2 | ചെല്ലൂർ ജുമാ മസ്ജിദ് റോഡ് കോൺക്രീറ്റ് (വാർഡ് 12) | 1409202316454/13.12.2023 | 2,64,327 |
| 3 | കോട്ടമ്മൽ കോന്നോല നടപ്പാത കോൺക്രീറ്റ് (വാർഡ് 13) | 1409202316453/13.12.2023 | 2,30,416 |
| 4 | പാറടി സബ്സെന്റർ റോഡ് കോൺക്രീറ്റ് (വാർഡ് 14) | 1409202316456/13.12.2023 | 56,244 |
| 5 | കടുങ്ങൂത്ത് മദ്രസ്സ റോഡ് കോൺക്രീറ്റ് (വാർഡ് 15) | 1409202316452/13.12.2023 | 2,29,114 |
| 6 | വാഴക്കാട്ടിരി പടിഞ്ഞാറേ മണ്ണ റോഡ് കോൺക്രീറ്റ് (വാർഡ് 17) | 1409202316454/13.12.2023 | 1,47,114 |
| 7 | അമ്മിപ്പടി ചോലക്കുളമ്പ് റോഡ് കോൺക്രീറ്റ് (വാർഡ് 18) | 1409202316455/13.12.2023 | 73,711 |
| 8 | കാവിൽകുത്ത് പടിഞ്ഞാറെകുണ്ട് റോഡ് കോൺക്രീറ്റ് (വാർഡ് 19) | 1409202316457/13.12.2023 | 1,45,043 |
| | **ആകെ** | | **12,11,701** |

MGNREGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം പ്രകാരം എൻ.ആർ.ഇ.ജി.എസ് എം.ഐ.എസിൽ ടി.ഡി.എസ് ചെയ്യുന്നതിനു ഓപ്ഷൻ ഇല്ലാത്തതിനാൽ ഓരോ പ്രവൃത്തിയുടെയും ബിൽ പാസ്സാക്കുമ്പോൾ 2% GST തുക ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബില്ലിൽ നിന്നും കുറവ് ചെയ്ത ശേഷം ബാക്കി തുക മാത്രം FTO ആയി നൽകണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. മുകളിൽ ചേർത്ത പെയ്മെന്റുകളിൽ ടിഡിഎസ് ഈടാക്കിയിട്ടില്ല. കരാറുകാരനിൽ ടി.ഡി.എസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (18/14.12.2023) ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 1-29 ജൈവ വളം വിതരണം- അപാകതകൾ

2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി.28.05.2022 ഖ.6.1.1 പ്രകാരം ജൈവ വളങ്ങൾ വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല, റെയ്ഡ് കോ, കയർഫെഡ്, എഫ്.പി.ഒ എന്നിവയിലെ ജൈവവളങ്ങളോ, കാർഷിക കർമ്മസേനകൾ, കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളിലെ മാലിന്യസംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങളോ വാങ്ങി വിതരണം ചെയ്യാവുന്നതാണ്.

നിർവഹണ ഉദ്യോഗസ്ഥ കൺവീനറായ പർച്ചെയ്സ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച് ജൈവവളങ്ങളും മറ്റും വാങ്ങി വിതരണം ചെയ്യേണ്ടതാണ്.

അനിവാര്യ സാഹചര്യങ്ങളിൽ സഹകരണ സംഘങ്ങളിൽ നിന്നോ മറ്റ് അംഗീകൃത ഏജൻസികളിൽ നിന്നോ കൃഷിക്കാർ ജൈവവളങ്ങളും മറ്റും നേരിട്ട് വാങ്ങി അതിന്റെ ബിൽ നിർവഹണ ഉദ്യോഗസ്ഥക്ക് നൽകുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കാവുന്നതുമാണ്.

2022-23 ൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ വിവിധ പദ്ധതികൾ പ്രകാരം ജൈവവളം വിതരണം ചെയ്യുന്നതിന് താഴെ പരാമർശിക്കും പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| ജൈവ നെൽകൃഷി പദ്ധതി( 158/23) | 157500<br>[₹145950- 2215115202630065325/15.10.2022, 11550- 22151152026300799532 / 21.11.2022 ] | സ്വാശ്രയ കർഷക സമിതി മങ്കട എന്ന സ്ഥാപനത്തിൽ നിന്ന് കർഷകർ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |
| കപ്പകൃഷിക്ക് ജൈവവളം(109/23) | ₹420,000<br>[₹367200- 22151152026300713569/31.10.2022, 12000- 22151152026300766634 / 11.11.2022, ₹ 40800- 22151152026301026790/ 11.01.2023 ] | സ്വാശ്രയ കർഷക സമിതി മങ്കട എന്ന സ്ഥാപനത്തിൽ നിന്ന് കർഷകർ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |
| പച്ചക്കറികൃഷിക്ക് ജൈവവളം(133/23) | ₹420,000<br>[₹321600-22151152026300682376/22.10.2022, ₹64800- 22151152026300766629 / 11.11.2022, ₹ 33600- 22151152026301026788/ 11.01.2023 ] | സ്വാശ്രയ കർഷക സമിതി മങ്കട എന്ന സ്ഥാപനത്തിൽ നിന്ന് കർഷകർ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |
| നാളികേരകൃഷി പ്രോത്സാഹന പദ്ധതി ( 131/23 ) | ₹1124040<br>[₹205300-22151152026300652796/15.10.2022, 489890-22151152026300669936 / 19.10.2022, ₹ | സ്വാശ്രയ കർഷക സമിതി മങ്കട എന്ന സ്ഥാപനത്തിൽ നിന്ന് |

| | | |
|---|---|---|
| | 349800- 22151152026300799528/21.11.2022, 79050- 22151152026301065268/19.01.2023] | കർഷകർ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |
| വിളപരിപാലനം വാഴ( 116/23 ) | ₹12,000,00 [₹870,000-22151152026300682381/22.10.2022, 171,000- 22151152026300713573 / 31.10.2022, ₹ 99,000- 22151152026300766640/11.11.2022, 60,000- 22151152026301042000/13.01.2023] | സ്വാശ്രയ കർഷക സമിതി മങ്കട എന്ന സ്ഥാപനത്തിൽ നിന്ന് കർഷകർ നേരിട്ട് വളം വാങ്ങിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി തുക കർഷകരുടെ അക്കൗണ്ടിലേക്ക് നൽകി. |

പദ്ധതി നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു .

1. മാർഗ്ഗരേഖ പ്രകാരം അനിവാര്യ സാഹചര്യങ്ങളിൽ മാത്രമാണ് കർഷകർ നേരിട്ട് വളം വാങ്ങിയതിനനുസരിച്ച് പണം നൽകുന്നതിന് അനുമതി നൽകിയത്. എന്നാൽ പഞ്ചായത്തിൽ പദ്ധതി രൂപീകരണ സമയംതന്നെ ഇത്തരത്തിലാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായാണ് പ്രൊജക്ട് തയ്യാറാക്കിയത്.

2. പ്രൊജക്ടുകൾ പ്രകാരം അംഗീകൃത വ്യാപാരികളിൽ നിന്ന് ജൈവവളം വാങ്ങി ഉപയോഗിച്ച് ബിൽ ഹാജരാക്കുന്ന മുറക്ക് പണം നൽകുന്നതാണ് എന്നാണ് രേഖപ്പെടുത്തിയത്. പഞ്ചായത്തിലെ മുഴുവൻ കർഷകരും സ്വാശ്രയ കർഷക സമിതി മങ്കട എന്ന സ്ഥാപനത്തിൽ നിന്നാണ് വളം വാങ്ങിയിരിക്കുന്നത്. എന്നാൽ ഈ സ്ഥാപനം അംഗീകൃത വളം വിതരണക്കാരാണ് എന്നതിന്റെ രേഖ പരിശോധനക്ക് ലഭ്യമായില്ല.

3. പഞ്ചായത്തിൽ എല്ലാ കർഷകരും വളം വാങ്ങിയത് സ്വാശ്രയ കർഷക സമിതി മങ്കട എന്ന സ്ഥാപനത്തിൽ നിന്നാണ്. അംഗീകൃത വളം വിതരണക്കാരനാണ് എന്ന രേഖ ലഭ്യമാക്കാത്തതും കൂട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന് പുറത്ത് മങ്കട ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നതുമായ മങ്കട സ്വാശ്രയ കർഷകസമിതി എന്ന സ്ഥാപനത്തിൽ നിന്ന് തന്നെ എല്ലാ കർഷകരും ജൈവ വളം വാങ്ങി എന്നതിൽ നിന്നും വളം വാങ്ങുന്നതിന് മേൽ പരാമർശിച്ച സ്ഥാപനത്തെ നിർദ്ദേശിച്ചിരുന്നു എന്ന് വ്യക്തമാണ്. (കൃഷി ഓഫീസിൽ നിന്ന് നൽകുന്ന പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് വളം വിതരണം നടത്തിയത് എന്നത് ഇക്കാര്യത്തിന് കൂടുതൽ വ്യക്തത നൽകുന്നുണ്ട്). വളം വിതരണം ചെയ്യുന്നതിന് മേൽ പരാമർശിക്കപ്പെട്ട സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4. കർഷകർ വളം വാങ്ങിയ ബില്ലുകളിലെല്ലാം "ജൈവ വളം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏത് ജൈവ വളം ആണ് വിതരണം ചെയ്തത് എന്ന് ബില്ലിൽ വ്യക്തമല്ല. ഏത് വളമാണ് വിതരണം ചെയ്യേണ്ടത് എന്ന് പഞ്ചായത്ത് തീരുമാനം എടുത്തതായും കാണുന്നില്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം / രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നം 7/11.12.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല

പ്രൊജക്ട് നടത്തിപ്പിലെ മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാൽ വളം വിതരണത്തിന് ചെലവഴിച്ച ₹ 3321540 ചെലവ് തടസ്സം ചെയ്യുന്നു.

മങ്കട സ്വാശ്രയ കർഷക സമിതിയിൽ നിന്ന് വളം വാങ്ങുന്നതിന് തീരുമാനം എടുത്തതിന്റെ രേഖകൾ, സ്ഥാപനം അംഗീകൃത വളം വിതരണക്കാരാണ് എന്നതിന്റെ രേഖകൾ , ഏത് തരം ജൈവവളം ആണ് കർഷകർക്ക് വിതരണം ചെയ്തത് എന്നത് വ്യക്തമാക്കുന്ന രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-30 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.**

ഗ്രാമപ്പഞ്ചായത്ത് കൃഷി ഓഫീസറുടെ പേരിൽ മക്കരപ്പറമ്പ് സബ് ട്രഷറിയിൽ ഉള്ള 715111400000015 നമ്പർ അക്കൗണ്ടിൽ 30.03.2023 ന് ₹ 149095 ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ കൃഷി ഓഫീസറുടെ കാഷ്ബുക്ക് പ്രകാരം തുകയൊന്നും നീക്കിയിരുപ്പ് ഇല്ല എന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്.

രേഖകൾ പരിശോധിച്ചതിൽ മേൽ പരാമർശിക്കപ്പെട്ട നീക്കിയിരുപ്പിൽ പഞ്ചായത്തിൽ നിന്ന് ഓഫീസ് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂർ അനുവദിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന ₹10595 ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഓഡിറ്റിന് വ്യക്തമായി. ബാക്കിവരുന്ന ₹ 138500 ഏതിനത്തിൽ വരവ് വന്ന തുകയാണ് എന്ന് വ്യക്തമല്ല.

ഇതു സംബന്ധിച്ച് താഴെ പരാമർശിക്കുന്ന അപാകതകൾ കാണുന്നു.

1. കൃഷി ഓഫീസറുടെ പേരിലുള്ള അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കാഷ്ബുക്കിൽ നീക്കിയിരുപ്പായി രേഖപ്പെടുത്തിയിട്ടില്ല.

2. ഓഫീസ് കണ്ടിജന്റ് ചെലവുകൾക്കായി പഞ്ചായത്ത് കൃഷി ഓഫീസർക്ക് മുൻകൂർ നൽകിയ തുക വരവായി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

3. കൃഷി ഓഫീസറുടെ അക്കൗണ്ടിന്റെ റി കൺസിലിയേഷൻ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4. വർഷാവസാനം അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയിൽ കണ്ടിജന്റ് മുൻകൂർ കഴിച്ച് അവശേഷിക്കുന്ന ₹ 138500 വരവ് വന്നതാണ് എന്ന് വ്യക്തമായ വിവരം ലഭ്യമല്ല.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അവശേഷിക്കുന്ന ₹ 138500 ഏതിനത്തിൽ വരവ് വന്നതാണ് എന്ന് പരിശോധിച്ച് തുകയുടെ വിശദ വിവരം ലഭ്യമാക്കേണ്ടതുമാണ്.
മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 11/12.12.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-31 കാഷ് ബുക്ക് ശരിയായി എഴുതിയിട്ടില്ല

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ നൽകുന്നു.

അപാകതകൾ താഴെ നൽകുന്നു.

1. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി , ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
2. ബാങ്ക് ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റികൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല
3. ഓഫീസ് കണ്ടിജന്റ് ചെലവുകൾക്ക് പഞ്ചായത്ത് മുൻകൂർ നൽകിയ തുക , ടെണ്ടർ ഫീ വരവ് തുടങ്ങിയ വരവുകൾ കാഷ്ബുക്കിൽ വരവായി ചേർത്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.
അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 29/15.12.2023 ) തുടർന്നുള്ള വർഷങ്ങളിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-32 അനുമതിയില്ലാതെ ബാങ്ക് അക്കൗണ്ട് ആരംഭിച്ചു.

മങ്കട പള്ളിപ്രം ,സർവീസ് സഹകരണ ബാങ്കിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ 0020050007055 നമ്പർ ബാങ്ക് അക്കൗണ്ട് 29.03.2023 ന് ആരംഭിച്ചിട്ടുണ്ട്. ഓഫീസ് കണ്ടിജന്റ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്ത് മുൻകൂർ നൽകിയ ₹ 50,000 അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള STSB അക്കൗണ്ടിൽ നിന്നും ( മക്കരപ്പറമ്പ് സബ് ട്രഷറി- 799011400005368 ) പിൻവലിച്ച് ഈ അക്കൗണ്ടിൽ നിക്ഷേപിച്ച് അതുവഴി ചെക്ക് മുഖേന പിൻവലിച്ച് ചെലവഴിക്കുകയാണ് ചെയ്തത്.

ഇ ടെണ്ടർ , GST ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിനും ട്രഷറിയിൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നതിനും മാത്രമെ സർക്കാർ അനുമതി നൽകിയിട്ടുള്ളൂ.

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ സഹകരണ ബാങ്കിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയതിന്റെ രേഖകൾ, ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി അനുമതി നൽകിയതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/15-12-23) ബാങ്ക് ഇടപാടുകൾ നടത്തുന്നതിനുള്ള സൗകര്യാർത്ഥമാണ് മേൽ പരാമർശിക്കപ്പെട്ട അക്കൗണ്ട് ആരംഭിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയത്.
അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ സർക്കാർ അനുമതിക്ക് വിരുദ്ധമായി അക്കൗണ്ട് ആരംഭിച്ചതിന് സാധൂകരണം

നേടുകയോ അക്കൗണ്ട് ക്ലോസ് ചെയ്യുകയോ ചെയ്യേണ്ടതാണ്.

## 1-33 എം.സി.എഫ് വിപുലീകരണം -അധികം നൽകിയ ₹ 17000 തിരിച്ചടവാക്കി.

2022-23 ൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തിയ എം.സി.എഫ് വിപുലീകരണം എന്ന പ്രവൃത്തിയിൽ ട്രസ്സ് പ്രവൃത്തി, ഗ്രിൽ പ്രവൃത്തി എന്നിവയ്ക്ക് ഉപയോഗിച്ച കമ്പിക്ക് അധിക ഭാരം അനുവദിച്ച് നൽകിയതിനാൽ അധികച്ചെലവായ ₹ 17000 ഓഡിറ്റ് എൻക്വയറി ( എൻക്വയറി നം 22/14.12.2023 ) നൽകിയതിനെത്തുടർന്ന് പഞ്ചായത്തിൽ തിരിച്ചടവാക്കി (രസീത് നം 1230103871 / 22.12.2023 )
ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-34 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
2. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ
3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ
4. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ
5. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

മേൽ സർക്കുലറുകളിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

- കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.
- കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ്തന്നെ ബന്ധപ്പെട്ട എഞ്ചിനിയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.
- എഞ്ചിനിയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.
- സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.
- ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണംവരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനിയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.
- എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച പഴയ കെട്ടിടങ്ങൾക്ക് ( 01.01.2012 ന് മുമ്പ് ഒക്കുപ്പൻസി ലഭിച്ചത് ) ഏതെങ്കിലും IIT/NIT / സർക്കാർ എഞ്ചിനിയറിംഗ് കോളേജിലെ സ്ട്രക്ചറൽ എഞ്ചിനിയറിംഗ് വിഭാഗത്തെക്കൊണ്ട് കെട്ടിടത്തിന്റെ സ്ട്രക്ചറൽ സ്റ്റബിലിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

പഞ്ചായത്തിൽ 2022- 23 വർഷങ്ങളിലെ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) ഫിറ്റ്നസ് നൽകിയ കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് ഒക്കുപ്പൻസി ലഭിച്ച് കെട്ടിട നമ്പർ ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

3) എഞ്ചിനിയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

മേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/11.12.2023 )ഉടർന്നുള്ള വർഷങ്ങളിൽ അപാകതകൾ പരിഹരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്.

സർക്കാർ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

### 1-35 ഓഡിറ്റ് റിപ്പോർട്ടിൽ നിയമപ്രകാരമുള്ള തുടർ നടപടി സ്വീകരിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 15 (2) പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അവ ഗ്രാമസഭകളിൽ ചർച്ചക്ക് വയ്ക്കേണ്ടതുമാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി അതിൻമേൽ പഞ്ചായത്ത് തീരുമാനമെടുത്ത് രണ്ട് മാസത്തിനകം ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ച ക്രമക്കേടുകളും ന്യൂനതകളും പഞ്ചായത്ത് പരിഹരിക്കേണ്ടതും അതിൻമേൽ പഞ്ചായത്ത് കൈക്കൊണ്ട നടപടികളെ സംബന്ധിച്ച് ഒരു റെക്ടിഫിക്കേഷൻ റിപ്പോർട്ട് ഓഡിറ്റർക്ക് അയച്ചു നൽകേണ്ടതാണെന്നും 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 21 ലും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മേൽ ചട്ടങ്ങൾ പ്രകാരമുള്ള തുടർ നടപടികളിൽ പഞ്ചായത്ത് വീഴ്ച വരുത്തിയതായി വ്യക്തമായി.

ഓഡിറ്റ് റിപ്പോർട്ടും അതിലെ തീരുമാനവും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയോ ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയോ ചെയ്തിട്ടില്ല. കൂടാതെ ചട്ടം 21 പ്രകാരമുള്ള നടപടികളും പഞ്ചായത്ത് സമയബന്ധിതമായി സ്വീകരിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ടിൽ പഞ്ചായത്ത് സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് ( 6/11.12.2023, 20/14.12.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് റിപ്പോർട്ടിൽ പഞ്ചായത്ത് രാജ് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ട് നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 53/23 - ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 10,00,000 | 10,00,000 | 0 |
| | 154/23 - സമഗ്ര നെൽകൃഷി വികസന പദ്ധതി | 51,000 | 51,000 | 0 |

| | | | | |
|---|---|---|---|---|
| | 176/23 - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 2,00,000 | 2,00,000 | 0 |
| | 198/23 - ലൈഫ് മിഷൻ ഭവന നിർമ്മാണം | 10,00,000 | 10,00,000 | 0 |
| | 199/23 - ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി | 2,20,000 | 2,20,000 | 0 |
| | **ആകെ** | **24,71,000** | **24,71,000** | **0** |
| ജില്ലാ പഞ്ചായത്ത് | 53/23 - ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 4,00,000 | 4,00,000 | 0 |
| | 154/23 - സമഗ്ര നെൽകൃഷി വികസന പദ്ധതി | 63,750 | 63,750 | 0 |
| | 172/23 - പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 14,95,000 | 14,95,000 | 0 |
| | 199/23 - ലൈഫ് മിഷൻ ഭവന നിർമ്മാണം പട്ടികജാതി | 5,00,000 | 5,00,000 | 0 |
| | **ആകെ** | **24,58,750** | **24,58,750** | **0** |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം., തീയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 175/23 - കുടിവെള്ള പദ്ധതിക്ക് വൈദ്യുതി ലൈൻ നീട്ടൽ | 22200565/18.11.2022 | 37,761 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 37,761 |
| കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 92/23 - വിവിധ റോഡുകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22200943/25.03.2023, ₹2,97,450<br>ACR Bill No. 60/31.08.2022, ₹85,665<br>ACR Bill No. 193/27.01.2023, ₹1,95,303 | 5,78,418 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 5,78,418 |
| | 230/23 - സ്ട്രീറ്റ് മെയിൻ വലിക്കൽ | 22200983, 31.03,2023 | 9,24,412 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 9,24,412 |
| ഭൂജല വകുപ്പ് | 63/23 - പൊതു ശ്മശാനം കുഴൽ കിണർ നിർമ്മാണം മോട്ടോർ സ്ഥാപിക്കൽ | 22200640/13.12.2022 | 58,535 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 58,535 |
| | 231/23 - പാലാപറമ്പ് - കുടിവെള്ള പദ്ധതി പൂർത്തീകരണം അധിക തുക അടവാക്കൽ | 22200944/25.03.2023 | 75,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 75,000 |
| **ആകെ** | | | **16,74,126** | **0** | **16,74,126** |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം ലഭ്യമായ വായ്പ തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവനപദ്ധതി – KURDFC | – | 36,69,642 | 33,97,180 | 10,64,870 | 0 | 60,01,952 |

കുറിപ്പ് :

1. 2021-22 വർഷത്തിൽ ലൈഫ് മിഷൻ സ്റ്റേറ്റ് ഷെയർ ആയി ലഭിച്ചതും ലോൺ വരവായി തെറ്റായി ബുക്ക് ചെയ്തിരുന്നതുമായ 7,00,000/- രൂപ തൻവർഷത്തിൽ ജേണൽ എൻട്രി നടത്തി മാറ്റിയിട്ടുണ്ട്.
2. ലോൺ തിരിച്ചടവിനത്തിൽ ₹3,00,277/- തൻവർഷത്തിൽ കുറവ് ചെയ്തത് വാർഷിക കണക്കിൽ ബുക്ക് ചെയ്തിട്ടില്ല (ഖണ്ഡിക 1-1-15 കാണുക). ഈ തിരിച്ചടവ് തുകയും ഉൾപ്പെടെയുള്ള വിവരമാണ് ചേർത്തിട്ടുള്ളത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

**എ). സ്ഥിരനിക്ഷേപങ്ങൾ**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 32,06,033 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 42,16,407 |
| ആകെ (₹) | 74,22,440 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 74,22,440 |

**ബി). വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരങ്ങൾ.**

| നിക്ഷേപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/ തിയ്യതി |
|---|---|---|
| മങ്കടപള്ളിപ്രം സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം. (A/c No. 0020150014006) | 34,22,440 | R55519/25.01.2023 |
| മങ്കടപള്ളിപ്രം സർവ്വീസ് സഹകരണ ബാങ്കിലെ സ്ഥിരനിക്ഷേപം. (A/c No. 0020150014296) | 40,00,000 | R60166/16.02.2023 |
| **ആകെ** | 74,22,440 | |

കുറിപ്പ് :-

1. സ്ഥിരനിക്ഷേപങ്ങളുടെ മൂല്യം ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/നിക്ഷേപ രസീതുകൾ പ്രകാരമാണ് ചേർത്തിട്ടുള്ളത്. ഇത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 1-1-11 കാണുക).
2. ഇ-പേയ്മെന്റ് ബാങ്ക് അക്കൗണ്ടിലെ (SBI Malappuram Civil Station – 67386823846) നീക്കിയിരുപ്പിൽ നിന്നും 40,00,000/- രൂപ ഉപയോഗിച്ച് തൻവർഷത്തിൽ മങ്കടപള്ളിപ്രം സർവ്വീസ് സഹകരണ ബാങ്കിൽ പുതിയ സ്ഥിരനിക്ഷേപം ആരംഭിച്ചിട്ടുണ്ട്. (ധനകാര്യ സ്ഥിരംസമിതിയുടെ 4/07.01.2023 നമ്പർ തീരുമാനം).

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആൾ | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2013-14& 2014-15 | 3-19 | 2,360 | ശ്രീ. സുനിൽ. എസ്, മുൻ അസി. സെക്രട്ടറി | 1220000140/22.08.2022 |
| | **ആകെ** | **2,360** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് | വിഷയം | നിലവിലെ |
|---|---|---|---|

| ഖണ്ഡിക നം | വർഷം, ഖണ്ഡിക നം | | അവസ്ഥ |
|---|---|---|---|
| 2003-04 ഖണ്ഡിക 3(9) | 2007-08 | പൊതു ആവശ്യത്തിന് സ്ഥലം വാങ്ങൽ – സർക്കാർ നിർദ്ദേശം പാലിച്ചില്ല | നടപടി തുടരുന്നു |
| 2014-15 ഖണ്ഡിക 2(3) | 2016-17 | | നടപടി തുടരുന്നു |
| 2019-20 ഖണ്ഡിക 1(20) | 2020-21 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | നടപടി തുടരുന്നു |
| 2019-20 ഖണ്ഡിക 1(21) | 2020-21 | വാർഡ് തല ശുചീകരണ പ്രവർത്തനങ്ങളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്. | നടപടി തുടരുന്നു |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ). സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 15,64,88,704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 14,80,61,049 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 0 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 67,02,814 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.**

**സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 94,817 | ശ്രീ. രാജേഷ്. എം, സെക്രട്ടറി |
| 1-21 | 16,74,126 | ശ്രീ. രാജേഷ്. എം, സെക്രട്ടറി |
| 1-22 | 12,61,064 | ശ്രീ. രാജേഷ്. എം, സെക്രട്ടറി |
| 1-25 | 2,01,267 | ശ്രീ. രാജേഷ്. എം, സെക്രട്ടറി |
| 1-27 | 1,50,000 | ശ്രീമതി സരസ്വതി കെ.കെ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-29 | 33,21,540 | ശ്രീ. ഉണ്ണികൃഷ്ണൻ. ആർ, കൃഷി ഓഫീസർ |
| ആകെ | 67,02,814 | |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.**

ഇല്ല.

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.**

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ക്രമ നം. | ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 1 | 1997-98 | കെ.എസ്.എ.എം.പി.എം.24/897/19(1), തിയ്യതി:10-09-2021 | 27 |
| 2 | 1998-99 | കെ.എസ്.എ.എം.പി.എം.24/897/19(2), തിയ്യതി:10-09-2021 | 15 |

| | | | |
|---|---|---|---|
| 3 | 1999-00 | കെ.എസ്.എ.എം.പി.എം.24/2263/21 , തിയ്യതി: 26.09.2022 | 30 |
| 4 | 2000-01 | കെ.എസ്.എ.എം.പി.എം.24/2263/21 , തിയ്യതി: 26.09.2022 | 11 |
| 5 | 2001-02 | കെ.എസ്.എ.എം.പി.എം.24/2263/21 , തിയ്യതി: 26.09.2022 | 21 |
| 6 | 2002-03 | കെ.എസ്.എ.എം.പി.എം.24/2263/21 , തിയ്യതി: 26.09.2022 | 14 |
| 7 | 2003-04 | കെ.എസ്.എ.എം.പി.എം.24/2263/21 , തിയ്യതി: 26.09.2022 | 3 |
| 8 | 2006-07 | കെ.എസ്.എ.എം.പി.എം.24/320/22, തിയ്യതി: 24.09.2022 | 4 |
| 9 | 2007-10 | കെ.എസ്.എ.എം.പി.എം.24/1842/19, തിയ്യതി: 10.9.2021 | 8 |
| 10 | 2011-12<br>2012-13 | എൽ.എഫ്.എം.24/1106/2015 , തിയ്യതി: 30.06.2015 | 7 |
| 11 | 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.24/2102/2016, തിയ്യതി: 01.07.2017 | 17 |
| 12 | 2015-16 | കെ.എസ്.എ.എം.പി.എം.24/27/2017 , തിയ്യതി: 24.02.2018 | 18 |
| 13 | 2016-17 | കെ.എസ്.എ.എം.പി.എം.24/2032/2017 , തിയ്യതി: 30-06-23 | 8 |
| 14 | 2017-18 | കെ.എസ്.എ.എം.പി.എം.24/1423/2019, തിയ്യതി: 1.07.2023 | 9 |
| 15 | 2018-19 | കെ.എസ്.എ.എം.പി.എം.24/518/2020 , തിയ്യതി: 1.07.2023 | 8 |
| 16 | 2019-20 | കെ.എസ്.എ.എം.പി.എം.24/570/2021 , തിയ്യതി:06-04-2022 | 4 |
| 17 | 2020-21 | കെ.എസ്.എ.എം.പി.എം.24/1277/2022, തിയ്യതി: 20.12.2022 | 6 |
| 18 | 2021-22 | കെ.എസ്.എ.എം.പി.എം.24/590/2023, തിയ്യതി:13-07-2022 | 19 |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

എം.എ.12/2023

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 20/1 dated 10-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Koottilangadi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Koottilangadi Grama Panchayat for the year 2022-2023

**Date: 23/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Koottilangadi Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Discrepancies in carrying forward of the closing balance in the year in respect of assets are detailed below.

| Account Head | Closing balance as per balance sheet as on 31.03.2022 (Rs.) | Opening balance as per ledger as on 01.04.2022 (Rs.) | Difference (Rs,) |
|---|---|---|---|
| 450210101 - STATE BANK OF INDIA MALAPPURAM CIVIL STATION (67386823846) | 35,03,947 | 35,03,952 | 5 |

2. Discrepancies in carrying forward of the closing balance in the year in respect of liabilities are detailed below.

| Account Head | Closing balance as | Opening balance as | Difference |
|---|---|---|---|

| | per balance sheet as on 31.03.2022 (Rs.) | per ledger as on 01.04.2022 (Rs.) | (Rs,) |
|---|---|---|---|
| 350300112 - Government And Other Dues Payable -Value of Court Fee Stamp | 0 | 5 | 5 |

3. A total amount of Rs. 16,74,126/- paid in advance to various agencies to execute deposit works was booked as revenue expenditure instead of booking in the respective asset heads.

**2.Other Observations**

1. The following mandatory financial statements prescribed in accounting rules are not submitted for audit.
    i. Ratios
    ii. Notes on accounts
    iii. Comparative amounts
2. Some amounts in the balance sheet were not recorded as whole numbers as per accounting rules.
3. Lapses in making timely demand entries in respect of tax and non-tax revenue.
4. Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
5. Directly credited to bank amount not taken into account.
6. Directly debited by bank amount not taken into account.
7. Withdrawal amounts from bank account was shown as unreconciled amount even after accounting. These amounts are added as well as subtracted in the same reconciliation statement as a result.
8. Passbook balance shown in bank reconciliation for statement differs from the actual passbook balance of the same day for the bank account PUNJAB NATIONAL BANK - LIFE MISSION LOAN MALAPPURAM (1406100100003598).
9. The following registers do not match with annual financial statements.
    i. Investment register
    ii. Appropriation control register for specific purpose grants kept in own fund account.
10. Supporting vouchers were not produced for verifying the adjustment of Rs. 4,53,699/- which was the opening balance in respect of advances given to implementing officers.
11. Accrual entry was not recorded for an amount of Rs. 3,00,277/- deducted at source from Development fund-S.C.P in respect of loan repayment.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്